കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കടവല്ലൂർ ഗ്രാമപഞ്ചായത്ത്
## 2018-19
## ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ(പി.6)/1494/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ – 680 020
ഫോൺ: 0487 2331249
Email: dotsr.ksad@kerala.gov.in
തീയതി.16/12/2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കടവല്ലൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :കടവല്ലൂർ ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കടവല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ 1-23,1-24,1-34 എന്നീ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് – പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1) (2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ(പി.6)/1494/19 തീയതി: 16/12/19

## തൃശ്ശൂർ ജില്ലയിലെ കടവല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

തൃശ്ശൂർ ജില്ലയിലെ കടവല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-12-2018 മുതൽ 17-09-2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നും 01-04-2018 മുതൽ 31-03-2019 തിയ്യതി വരെയുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.
ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി.മേരി ഹണി ജോസഫ്<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 16.09.2019 മുതൽ 28.09.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.സാബു പി.എസ്.,<br>ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ജോമോൻ.ഇ.കെ.,<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ. |
| | ശ്രീമതി ലിഷ.കെ.വി.,<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി രേഖ.സി.,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി സുമ വി.കെ.,ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. ശോഭന യു.പി.<br>01.04.2018 മുതൽ 31.03.2019 വരെ | |
| സെക്രട്ടറി | ശ്രീ. മനോജ് | 01.04.2018 മുതൽ 30.06.18 വരെ |
| | ശ്രീമതി കൊച്ചു ത്രേസ്യ ഇ.കെ.<br>(അധികചുമതല) | 01.07.2018 മുതൽ 03.07.18 വരെ |

| | | |
|---|---|---|
| | ശ്രീ.നന്ദകുമാരൻ കെ.കെ. | 04.07.18 മുതൽ 14.03.19 വരെ |
| | ശ്രീമതി കൊച്ചു ത്രേസ്യ ഇ.കെ. (അധികച്ചുമതല) | 15.03.19 മുതൽ 31.03.19 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| കൃഷി ഓഫീസർ | ശ്രീ.വിജീഷ് .പി.വി. | 01-04-2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.വിനോജ് ടി. ജെ. | 01.04.2018മുതൽ 05.07.2018 വരെ |
| | ശ്രീമതി. മിനി മോൾ | 06.07.18 മുതൽ 31.03.19വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ഡോ.അഭിലാഷ് | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ.ഷാമില | 01.04.2018മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ.പ്രീത | 01-04-2018 മുതൽ 31-03-2019 വരെ |
| പ്രധാനാദ്ധ്യാപിക | ശ്രീമതി വി.എസ്.ദീപ | 01-04-2018 മുതൽ 31-03-2019 വരെ |
| വി.ഇ.ഒ. | ശ്രീമതി. അംബുജാക്ഷി ടി.കെ. | 01-04-2018 മുതൽ 31-03-2019 വരെ |
| വി.ഇ.ഒ | ശ്രീ.സിനോജ് എ വി | 01-04-2018 മുതൽ 31-03-2019 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.ഗ്ലിറ്റി എം. എൻ. | 01.04.2018 മുതൽ 17.07.2018 വരെ |
| | ശ്രീമതി.ലത ടി.ആർ | 18.07.2018 മുതൽ 31.03.19 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി അനിത രാമൻ | 01.04.2018 മുതൽ 22.06.2018 വരെ |
| | ശ്രീമതി കൊച്ചു ത്രേസ്യ ഇ.കെ. | 29.06.2018 മുതൽ 31.03.2019 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീറ്റ് &പേമെന്റ് പ്രകാരം) | 1-3 |
| 4 | വികസന ഫണ്ടിന്റേയും സംരക്ഷണ ഗ്രാന്റിന്റേയും വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ | 1-11 |
| 12 | വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും | 1-12 |

| | | |
|---|---|---|
| | ലൈസൻസ് നൽകൽ ചട്ടങ്ങൾ-നടപ്പാക്കിയതിലെ അപാകതകൾ | |
| 13 | പാരാ മെഡിക്കൽ റജിസ്ട്രേഷൻ എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-13 |
| 14 | ലൈസൻസ് അപേക്ഷകളും അനുബന്ധ രേഖകളും പരിശോധനക്ക് ലഭ്യമാക്കിയില്ല. | 1-14 |
| 15 | തൊഴിൽനികുതി അടവാക്കിയിട്ടില്ല | 1-15 |
| 16 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറി-പുതുക്കിയ വിസ്തീർണ്ണത്തിനനുസരിച്ച് വസ്തുനികുതി പുന:നിർണ്ണയിച്ചില്ല. | 1-16 |
| 17 | ഇ-ടെണ്ടർ ഫീസ് ലഭ്യമായില്ല | 1-17 |
| 18 | മാർഗ്ഗരേഖയിലെയും സർക്കാർ ഉത്തരവിലേയും നിർദ്ദേശങ്ങൾ പാലിക്കുന്നില്ല | 1-18 |
| 19 | അഡ്വക്കേറ്റ് ഫീസ് - ആദായനികുതി ഈടാക്കിയിട്ടില്ല. | 1-19 |
| 20 | തെരുവ് വിളക്ക് സംയുക്തപരിശോധന നടത്തിയിട്ടില്ല - മീറ്ററിംഗ് പൂർത്തീകരിച്ചിട്ടില്ല. | 1-20 |
| 21 | പൊതുടാപ്പ് വെള്ളക്കരം - സംയുക്തപരിശോധന നടത്തിയിട്ടില്ല | 1-21 |
| 22 | ലോഗ് ബുക്ക് - അപാകതകൾ | 1-22 |
| 23 | തെരുവ് വിളക്ക് പരിപാലനം - അപാകതകൾ | 1-23 |
| 24 | 2015-16 വർഷത്തെ ഭിന്നശേഷി സ്കോളർഷിപ്പ്- ബാക്കി തുക നൽകൽ- മുൻപ് അനുവദിച്ച തുകയുടെ വിശദാംശം ലഭ്യമല്ല | 1-24 |
| 25 | കെ.എം.എസ്.സി.എൽ.-ൽ നിന്നും മരുന്ന് ലഭ്യമായിട്ടില്ല | 1-25 |
| 26 | ഹോംകോയിൽ നിന്നും മരുന്ന് ലഭ്യമായിട്ടില്ല – ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ് | 1-26 |
| 27 | കാന നിർമ്മാണത്തിൽ നിന്നും ലഭിച്ച മണ്ണ് ലേലം നടത്തിയിട്ടില്ല | 1-27 |
| 28 | വിട്ടുകിട്ടിയ ഭൂമി പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-28 |
| 29 | ആസ്തികളുടെ ഉടമസ്ഥാവകാശം ഉറപ്പ് വരുത്താതെ നിർമ്മാണപ്രവൃത്തി നിർവ്വഹിച്ചു | 1-29 |
| 30 | സിംഗിൾ ടെണ്ടർ അംഗീകരിച്ചു | 1-30 |
| 31 | ലെവൽ അടിസ്ഥാനത്തിൽ അളവ് രേഖപ്പെടുത്തുന്നില്ല | 1-31 |
| 32 | വകയിരുത്തിയ തുക മുഴുവൻ ചെലവഴിക്കാനായില്ല | 1-32 |
| 33 | കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ | 1-33 |
| 34 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - വ്യവസ്ഥകൾ പാലിക്കാതെ പണിതവർക്ക് ധനസഹായം അനുവദിച്ചു | 1-34 |
| 35 | തുല്യതാ പരീക്ഷ- അധികം തുക അടവാക്കി | 1-35 |
| 36 | ഹെഡ്മിസ്ട്രസ് നടപ്പാക്കിയ മറ്റു പദ്ധതികളിലെ അപാകതകൾ | 1-36 |
| 37 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പിലാക്കിയ പദ്ധതികൾ -അപാകതകൾ | 1-37 |
| 38 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പിലാക്കിയ പദ്ധതികൾ -പൂർത്തീകരണത്തിനാവശ്യമായ നടപടികൾ | 1-38 |

| | | |
|---|---|---|
| | സ്വീകരിക്കേണ്ടതാണ് | |
| 39 | വെറ്ററിനറി സർജൻ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ | 1-39 |
| | ഭാഗം -2 | |
| | ഭാഗം-3 | |
| | ഭാഗം 4 | |
| 40 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 41 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 42 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 43 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 44 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 45 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 46 | ഓഡിറ്റ് റിക്കവറി | 4-7 |
| 47 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 48 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 49 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 50 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 51 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം -1 |
| 52 | ഓഡിറ്റ് സംക്ഷിപ്തം | അനുബന്ധം -2 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

2018-19 വർഷത്തിലെ ബജറ്റ് 27/03/2018 തിയ്യതിയിലെ 1(1)തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.പ്രതീക്ഷിത വരവ് 14527780/-യും രൂപയും ചെലവ് 14450000/- രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തിയ്യതി | ലഭിച്ച തിയ്യതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തിയ്യതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.19 | 11.06.19 | - | - |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 10212168.89 |
| വരവ് | 106340117 |
| ആകെ | 116552285.89 |

| | |
|---|---|
| ചെലവ് | 97131932 |
| നീക്കിയിരിപ്പ് | 19420353.89 |

# 1-4 വികസനഫണ്ടിന്റേയും സംരക്ഷണഗ്രാന്റിന്റേയും വിനിയോഗം

| ഫണ്ട് | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം അലോട്ട്മെന്റ് | വാർഷികകണക്ക് പ്രകാരം ചെലവഴിച്ച തുക₹ | ചെലവഴിക്കാത്തതിനാൽ കാലഹരണപ്പെട്ട തുക₹ | വിനിയോഗ ശതമാനം |
|---|---|---|---|---|
| പൊതുവിഭാഗം വികസനഫണ്ട് | 20159572 | 15828173 | 4331399 | 79 |
| വികസനഫണ്ട് എസ്.സി.പി. | 13885000 | 13868000 | 17000 | 99.8 |
| ധനകാര്യകമ്മീഷൻ അവാർഡ് | 9357000 | 9356519 | 481 | 99.9 |
| റോഡിതര സംരക്ഷണഗ്രാന്റ് | 4160000 | 3823682 | 336318 | 91.9 |
| റോഡ് സംരക്ഷണഗ്രാന്റ് | 14737000 | 14737000 | 0 | 100 |
| ആകെ കാലഹരണപ്പെട്ട തുക | | | 4685198 | |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 282 | 134073439 | 160 | 77383837 | 22 | 100 | 56.74 |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2511 | 611541 | 614052 | 612000 | 2052 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 28251610 | 28251610 | 28251610 | 0 |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 51840 | 22 |
| കർഷകതൊഴിലാളി പെൻഷൻ | 3833000 | 302 |

| | | |
|---|---|---|
| വിധവാപെൻഷൻ | 20072200 | 1655 |
| വാർദ്ധക്യകാലപെൻഷൻ | 30661600 | 2519 |
| വികലാംഗപെൻഷൻ | 4550400 | 366 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 1910300 | 151 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 330000 | 11 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23/9/19 തീയതിയിൽ 3.45 PM ന് സ്ഥാപന തലവന്റെ/ ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 59609/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ കാണപ്പെട്ട പ്രധാനപ്പെട്ട പോരായ്മകൾ ചുവടെ ചേർക്കുന്നു.

1. ബജറ്റിലെ വകയിരുത്തലുകൾക്കനുസരിച്ച് സാംഖ്യയിൽ നിയന്ത്രണമേർപ്പെടുത്താത്തതിനാൽ വരവ് ചെലവുകളെ നിയന്ത്രിക്കുന്നതിന് യാന്ത്രികമായ ബജറ്ററി നിയന്ത്രണം നിലവിലില്ല.

2. പഞ്ചായത്തീരാജ് സ്ഥാപനങ്ങൾക്ക് അക്കൗണ്ടിംഗ് മാന്വൽ നിലവിലില്ല.

3. ഓരോ വർഷവും ആർജ്ജിക്കുന്ന ആസ്തികൾ ഉൾപ്പെടുത്തി ആസ്തിരജിസ്റ്റർ കാലികമാക്കുന്നില്ല.

മേൽ അപാകതകൾ ശ്രദ്ധയിൽ പെടുത്തുന്നു.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 06/08/2019 | 04/19 മുതൽ 07/19 വരെ | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 11/04/17 | 2011-12 മുതൽ 2015-16 വരെ | 10/05/17 |

# 1-11 വാർഷികകണക്കുകളിലെ അപാകതകൾ

1.വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)).

2.വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ

പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

2.1തൻവർഷം

2.1.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 3222211 | 3189124 | 51462 | 2157 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3222211 | 3189124 | 51462 | 0 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410101-Advance collection-PT on Res. bldg-ന്റെ ലെഡ്ജർ) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.1.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1787255 | 1786693 | 14034 | 4717 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1787255 | 1780920 | 14034 | 4000 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410104-Advance collection-PT on NR bldg-ന്റെ ലെഡ്ജർ) | *( 4200 /105X100)<br>(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.2കുടിശ്ശിക

2.2.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1275906 | 1277115 | 11243 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1423539 | 1277115 | 0 |
| | *(2017-18 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)<br>(589135+905581=1494716/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **<br>(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.2.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 353050 | 326898 | 28034 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 361302 | 326896 | 20000 |
| | (2017-18 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)<br>*<br>(136382+242985=379367/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **<br>(21000/105X100)= 20000,<br>(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

<u>2.3ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)</u>

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടി ശ്ശിക | ആകെ | തൻ വർഷം | കുടി ശ്ശിക | ആകെ | | | തൻ വർഷം | കുടി ശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 166022 | 68690 | 234712 | 163130 | 65566 | 228696 | 2861 | | 119 | 717 | 0 |
| | നോൺ-റെസിഡൻഷ്യൽ | 91786 | 18213 | 109999 | 90017 | 16601 | 106618 | 744 | | 239 | 1450 | 1200 |
| | ആകെ | | | 344711 | | | 335314 | 3605 | | 1200 | | |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 347352 | | | 335791 | | | | 346152 | 1200 | | |
| | | 92804+254548 = (2017-18ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15,431910101 - State govt. Cess/levies...... ലെഡ്ജർ 2018-19) | | | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-36(വരവ്)) | | | | (431910101 - State govt. Cess/levies...... ലെഡ്ജർ 2018-19) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

2.4."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല. (ഉദാ:2.1.1, 2.1.2, 2.2.1, 2.2.2, 2.3 എന്നി ഖണ്ഡികയിലെ പട്ടികകൾ).

2.5 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2019 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ. നം | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| | | | (ലൈബ്രറി സെസ്സ് അടക്കം) |
| 1 | 350410101-Advance collection of revenues - Property tax on Residential building | 63396 | 16429 |

2.6 1/4/2018 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2018-19 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2018-19 വർഷത്തിൽ കടവല്ലൂർ ഗ്രാമപഞ്ചായത്തിൽ 470 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2018-19 ലെ "110100101-Property tax on residential buiding"എന്ന ശീർഷകത്തിലേയും "110100103-Property tax on non residential buiding" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2018-19 സാമ്പത്തിക വർഷത്തെ ഡിമാന്റ് 01.04.18,13.11.18 എന്നീ തിയതികളിൽ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

2.7 തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 3,35,791/- രൂപയും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം 3,35,314/- രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന "431910101 State govt cesses/levies in Property tax control account" എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്ട് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല, മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല, മറിച്ച് 3,46,152/- രൂപയാണ്.(വൗച്ചർ 41800282തീ 19/12/2018 വൗച്ചർ 41800281തീ 31/03/2019(5573+340579=346152)) (പട്ടിക 2.3 കാണുക ).

3.ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ),(ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

3.1 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

3.2 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

3.3ഡി.&ഒ ഡിമാന്റ് രജിസ്റ്റർ

3.4വാടക ഡിമാന്റ് രജിസ്റ്റർ

3.5 പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

3.6 ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

ഡി.&ഒ ഡിമാന്റ് രജിസ്റ്റർ, പെർമിറ്റ് രജിസ്റ്റർ, തൊഴിൽ നികുതി രജിസ്റ്റർ എന്നിവയിൽ ഡി.സി.ബി സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ല. സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

വാർഷിക കണക്കിലെ RP4, Rp5 എന്നീ ഷെഡ്യൂളുകളിലെ വരവ് പരിശോധിക്കാൻ പെർമിറ്റ് രജിസ്റ്ററുകൾ ഒഴികെയുള്ള രജിസ്റ്ററുകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

3.1അക്രൂവൽ ആയി രേഖപ്പെടുത്തേണ്ട താഴെ ചേർത്തിരിക്കുന്ന തുകകൾ അതാത് ഡിമാന്റ് രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല. (വസ്തു നികുതി ഒഴികെ).

| ഇനം | ഡിമാന്റ് | കളക്ഷൻ (തൻവർഷം+ കുടിശ്ശിക) | മുൻകൂർ ക്രമീകരിച്ചത് | എഴുതി തള്ളിയത് | ബാലൻസ് |
|---|---|---|---|---|---|
| തൊഴിൽ നികുതി(ട്രേഡേഴ്സ്) വാർഷിക കണക്ക് പ്രകാരം | 353530+ 1800(Arrear Demand) | 283370 | 91360 | - | - |
| രജിസ്റ്റർ പ്രകാരം | 353530+ 21200 (Arrear Demand) | 283370 | - | - | - |
| ഡി&ഒ ലൈസൻസ് വാർഷിക കണക്ക് പ്രകാരം | 254500 | 151200 | 103300 | | |
| റജിസ്റ്റർ പ്രകാരം | - | 151300 | 103200 | | |

3.2.ക്യാഷ് അടിസ്ഥാനത്തിൽ (അക്രൂവൽ അല്ലാതെ) രേഖപ്പെടുത്തുന്ന താഴെ ചേർത്തിരിക്കുന്ന ഇനങ്ങൾ അതാത് വരവ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം വരുമാനമായി ചേർത്ത തുക | റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരം | രജിസ്റ്റർ പ്രകാരം കളക്ഷൻ |
|---|---|---|---|
| പെർമിറ്റ് ഫീ | 138777 | 138777 | 139225 |

4.ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | വരുമാനം | മുൻകൂർ ശീർഷകം | 31/3/2019 ലെ മുൻകൂർ തുക |
|---|---|---|---|
| 1 | തൊഴിൽ നികുതി | 350410102-Advance collection of revenues-Profession tax /inst/trad/prof | 144170 |
| 2 | ഡി &ഒ ലൈസൻസ് | 350410301-Advance collection of revenues-Licence fees for dangerous | 126610 |

| | ഫീസ് | and offensive trades | |
|---|---|---|---|

5.ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിൽ 21000(non residential) കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

6. ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്(ഐ-18) പ്രകാരം “280000000-Prior Period item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/201 9ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior period income -Property tax on residential buildings | 147634 |
| 280100104-Prior period income-Property tax on non residential buildings | 4689 |
| 280100102-Prior period income-Prof tax inst/trade/professionals | 19400 |
| 280800601-Prior period income-Revenue Grants &Contributions | 108614 |

7 ക്യാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

8 പഞ്ചായത്തിന്റെ അധീനതയിലുള്ള മുഴുവൻ ആസ്തികളും ഉൾപ്പെടുത്തിക്കൊണ്ട് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

9.വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2018-19 കാലയളവിലെ "Net increase in cash and cash equivalents” ആയി രേഖപ്പെടുത്തിയിരിക്കുന്നത് 9,208,185/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2018-19 കാലയളവിൽ "Net cash generated by Operating+Investing+Financing Activity” ആയി രേഖപ്പെടുത്തിയിരിക്കുന്നത് 12619625 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

10. 2018-19 വർഷത്തെ Income and expenditureപത്രിക പ്രകാരം 9,59,729/- രൂപ ഡിപ്രിയിസേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇത് രണ്ടാം പകുതിയിൽ ആർജ്ജിച്ച ആസ്തികളുടേത് മാത്രമാണ്.

11.തൊഴിലുറപ്പ്പദ്ധതിയുടെ EFMS Statement പ്രകാരം അഡ്മിൻ വരവ് 6,93,706/- രൂപയാണ്. എന്നാൽ വാർഷിക കണക്കിന്റെ ഷെഡ്യൂൾ RP31 പ്രകാരം 6,11,541/- രൂപയും കാഷ്ബുക്ക് പ്രകാരം 6,05,706/- രൂപയുമാണ്. വ്യത്യാസത്തിന് കാരണം വ്യക്തമാക്കേണ്ടതാണ്.

12.സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയില്ല.

13. വാർഷിക കണക്ക പ്രകാരമുള്ള വരവ്, ചെലവ്, ക്രമീകരിച്ചതിന്റെ വിവരം, നീക്കിയിരുപ്പ് എന്നിവ പരിശോധിക്കാൻ കഴിയുന്ന രീതിയിൽ ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. അഡ്വാൻസ് രജിസ്റ്റർപരിശോധനക്ക് ലഭ്യമാക്കിയില്ല.

14. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരമുള്ള പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ, മറ്റു ഗ്രാന്റുകൾ ഗുണഭോക്തൃവിഹിതം, മറ്റു തദ്ദേശഭരണസ്ഥാപനങ്ങളിലെ വിഹിതം എന്നിവ തനത് ഫണ്ട് ജോയിന്റ് വെഞ്ചർ അക്കൗണ്ട് എന്നിവയിൽ നിക്ഷേപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

| | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 | | |
|---|---|---|---|
| ക്രമ നമ്പർ | ശീർഷകം | ഇനം | തുക |
| 1 | 320700104 | Joint venture block share | 365000 |
| 2 | 320700105 | Joint venture District panchayath share | 503 |
| 3 | 320700204 | Joint venture block share | 129315 |
| 4 | 320700205 | Joint venture District panchayath share | 989 |
| 5 | 320700304 | Contribution for other specific purpose from blockpanchayath | 33959 |
| 6 | 320100121 | Centrally sponsored scheme-ICDS | 196654 |
| 7 | 320100199 | Centrally sponsored scheme-grants funds contribution | 3140 |
| 8. | 320100299 | Other Central govt grants | 223530 |
| 9 | 320200310 | Drought relief grant | 25000 |
| 10 | 320200319 | Grant for solid waste management | 1977000 |
| 11 | 320200322 | Grants from suchitwa mission | 196321 |
| 12 | 320200399 | Grants funds and contribution for specific purpose other than development fund | 893970 |

| | | | |
|---|---|---|---|
| 13 | 320300199 | Grants funds and contribution for specific purpose-other govt agencies | 51 |

15. മുൻകൂർ രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ മുൻകൂർ തുകകളുടെ വിനിയോഗം നിരീക്ഷിക്കാൻ കഴിയുന്നില്ല. ബാലൻഷീറ്റ് ബി-18 ഷെഡ്യൂൾ പ്രകാരം മുൻകൂർ ഇനത്തിൽ ക്രമീകരിക്കാതെ അവശേഷിക്കുന്ന താഴെ പറയുന്ന തുകകളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം. | ഹെഡ് കോഡ് | ഇനം | തുക |
|---|---|---|---|
| 1 | 460500201 | Advance to implementing agencies-deposit with KWA | 65000 |
| 2. | 460500202 | Advance to implementing agencies-deposit with KSEB | 1715755 |
| 3. | 460500304 | Advance to Kudumbasree neighbourhood group | 1264238 |

16. താഴെ ചേർത്തിരിക്കുന്ന കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability in respect of stale cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011(ചട്ടം 46)). ആയത് ക്രമീകരിക്കേണ്ടതാണ്.

| ചെക്ക് നമ്പർ | തീയ്യതി | തുക | |
|---|---|---|---|
| 31737 | 11/5/15 | 1455 | KSCB OwnFund |
| 32052 | 16/01/16 | 1000 | ,, |
| 076360 | 09/11/17 | 896 | ,, |
| 31978 | 30/11/18 | 1000 | ,, |

17. അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്ടുകളിൽ 31/3/19 വരെ പാർട്ട് ബിൽ നല്കിയതും എന്നാൽ 31/3/2019 ൽ പണിപൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ തുക 16,01,808/- രൂപയാണ്. എന്നാൽ 31/3/2019 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരം Capital work in progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക 15,01,808/- രൂപ യാണ്.

18. വായ്പ ഇനത്തിൽ തൻവർഷം വരവില്ല. തൻവർഷം 2,00,000/- രൂപ തിരിച്ചടക്കുകയും 31/3/2019 ൽ 1,28,20,000/- രൂപ തിരിച്ചടക്കാൻ ബാക്കിനിൽക്കുകയും ചെയ്യുന്നു. എന്നാൽ ഈ വിവരങ്ങൾ വായ്പ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

19. GO.(RT) 1626/19 /Fin Dtd 02.03.19 പ്രകാരം10,92,892/- രൂപയും GO(Rt) 1948/19 Fin Dtd 16.03.2019 പ്രകാരം 2,95,127/- രൂപയും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ allotment ആയി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ തുക വാർഷിക ധനകാര്യ പത്രികയിൽ വരവ് വന്നതായി കാണുന്നില്ല.

20. വാർഷിക കണക്ക് ഷെഡ്യൂൾ RP-7 പ്രകാരം Unemployment Allowance ഇനത്തിൽ 51,840/- രൂപ ചെലവ് ഉണ്ട്. രജിസ്റ്റർ പ്രകാരം ചെലവ് 44,520/- രൂപയാണ്.

# 1-12 വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ- നടപ്പാക്കിയതിലെ അപാകതകൾ

പഞ്ചായത്തിൽ 2018-19 വർഷം ലൈസൻസ് അനുവദിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. 31-10-2017-ലെ G.O.(P)No.80/2017/LSG പ്രകാരം പുറപ്പെടുവിച്ച ലൈസൻസ് ഭേദഗതിയിലെ ചട്ടം 10 പ്രകാരം ഏതൊരു വർഷം അവസാനിക്കുന്നതിന് 30 ദിവസത്തിനുള്ളിൽ ലൈസൻസ് പുതുക്കേണ്ടതാണ്. എന്നാൽ 2018-19 വർഷം 114

സ്ഥാപനങ്ങൾ മാത്രമാണ് സമയപരിധിക്കുള്ളിൽ ലൈസൻസ് പുതുക്കിയിട്ടുള്ളത്. എല്ലാ സ്ഥാപനങ്ങളും കൃത്യസമയത്ത് ലൈസൻസ് പുതുക്കാൻ ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

2. പുതുക്കിയ ചട്ടത്തിനനുസൃതമായി അപേക്ഷാഫോറത്തിൽ മാറ്റം വരുത്തിയിട്ടില്ല.ഉദാഹരണത്തിന് ഭേദഗതി വരുത്തിയ ചട്ടത്തിൽ ലൈസൻസ് ഫീസ് ഈടാക്കേണ്ടത് മൂലധനനിക്ഷേപത്തിനനുസരിച്ചാണ്. എന്നാൽ നിലവിലെ അപേക്ഷാഫോറത്തിൽ മൂലധനനിക്ഷേപം രേഖപ്പെടുത്താനുള്ള കോളം ഇല്ല.2018-19 വർഷം ലൈസൻസ് പുതുക്കിയതും പുതിയതായി ലൈസൻസ് എടുത്തതുമായ സ്ഥാപനങ്ങൾ ഒന്നും തന്നെ മൂലധനനിക്ഷേപം രേഖപ്പെടുത്തിയിട്ടില്ല.കൂടാതെ സർക്കുലർ നം.576/ഡി.സി.1/16 തീ. 24.09.16സർക്കുലർ പ്രകാരം 50 മൈക്രോണിൽ കുറയാത്ത പ്ലാസ്റ്റിക് ബാഗുകളിൽ മാത്രമെ വിതരണം നടത്താവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.എന്നാൽ നിലവിലെ അപേക്ഷാഫോറത്തിൽ 40 മൈക്രോണിൽ കുറയാത്ത പ്ലാസ്റ്റിക് മാത്രമെ ഉപയോഗിക്കു എന്ന സത്യ പ്രസ്താവനയാണ് നൽകിയിട്ടുള്ളത്.ചട്ടത്തിനനുസൃതമായി ഫോറം പുതുക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണത്തിന് (നം.10. തീ.26/09/19) മറുപടി നൽകിയിട്ടുണ്ട് .

3. 2018-19 ലെ വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 354 സ്ഥാപനങ്ങളാണ് പഞ്ചായത്തിൽ പ്രവർത്തിക്കുന്നത്.എന്നാൽ ലൈസൻസ് റജിസ്റ്റർ പ്രകാരം ആകെ 494 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്.സഞ്ചയ പ്രകാരം നികുതി നിർണ്ണയിച്ച വാണിജ്യ കെട്ടിടങ്ങൾ 1892.മേൽ കണക്കുകൾ സൂചിപ്പിക്കുന്നത് ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും ട്രേഡേഴ്സ് ലിസ്റ്റ് പൂർണ്ണമല്ലെന്നുമാണ്.പഞ്ചായത്തിൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഇല്ലെന്ന് ഉറപ്പു വരുത്തേണ്ടതാണ്.ട്രേഡേഴ്സ് ലിസ്റ്റ് പൂർണ്ണമാക്കേണ്ടതാണ്.

# 1-13 പാരാ മെഡിക്കൽ റജിസ്ട്രേഷൻ എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

2018-19 വർഷം FTEAOS ലൈസൻസ് എടുത്ത താഴെ പറയുന്ന പാരാ മെഡിക്കൽ സ്ഥാപനങ്ങൾ പാരാ മെഡിക്കൽ റജിസ്ട്രേഷൻ എടുത്തിട്ടില്ല.

| FTEAOS ലൈസൻസ് നം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 195 | മിത്രു ലാബ്, കടവല്ലൂർ |
| 280 | ഷിഫാ ഡെന്റൽ ക്ലിനിക്, കടവല്ലൂർ |
| 286 | ജാസ് ക്ലിനിക്കൽ ലാബ്, കടവല്ലൂർ |

പഞ്ചായത്തിൽ ലൈസൻസ് എടുത്ത എല്ലാ പാരാ മെഡിക്കൽ സ്ഥാപനങ്ങളും പാരാ മെഡിക്കൽ റജിസ്ട്രേഷൻ എടുത്തിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

# 1-14 ലൈസൻസ് അപേക്ഷകളും അനുബന്ധ രേഖകളും പരിശോധനക്ക് ലഭ്യമാക്കിയില്ല.

താഴെ പറയുന്ന സ്ഥാപനങ്ങളുടെ FTEAOS ലൈസൻസ് അപേക്ഷകളും അനുബന്ധ രേഖകളും പരിശോധനക്ക് ലഭ്യമാക്കിയില്ല.

| FTEAOS ലൈസൻസ് നം. | വാർഡ് നം. | സ്ഥാപനത്തിന്റെ പേര് |
|---|---|---|
| 84/18-19 | 8/50B | കാനൻ ഗ്രാനൈറ്റ്സ് പ്രൈവറ്റ്സ് ലിമിറ്റഡ്, ഒറ്റപ്പിലാവ് |
| 85/18-19 | 8/50C | ,, |
| 86/18-19 | 8/50K | ,, |
| 87/18-19 | 8/50 | ,, |
| | | |

| | | |
|---|---|---|
| 88/18-19 | 8 | „ |
| 89/18-19 | 8/50E | „ |
| 113/18-19 | 2/273 | കടവല്ലൂർ സർവ്വീസ് സഹകരണ ബാങ്ക് നീതി ഗ്യാസ് സിലിണ്ടർവിതരണം,വളം,കീടനാശിനി വില്പന, കടവല്ലൂർ |

# 1-15 തൊഴിൽ നികുതി അടവാക്കിയിട്ടില്ല

2018-19 വർഷം അൻസാർ ആശുപത്രി,അൻസാർ ഫാർമസി എന്നീ സ്ഥാപനങ്ങൾ സ്ഥാപനതൊഴിൽ നികുതി അടവാക്കിയിട്ടില്ല.കൂടാതെ റേഷൻ വ്യാപാരികൾ ,സ്വകാര്യ പ്രാക്ടീസ് നടത്തുന്ന ഡോക്ടർമാർ ,അഭിഭാഷകർ,കരാറുകാർ എന്നിവരും തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

# 1-16 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറി-പുതുക്കിയ വിസ്തീർണ്ണത്തിനനുസരിച്ച് വസ്തുനികുതി പുന:നിർണ്ണയിച്ചില്ല.

'SO 119/18' -പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പ്രൊജക്റ്റ് പ്രകാരം പഠനമുറി പണികഴിപ്പിച്ച താഴെ പറയുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി പുതുക്കിയ വിസ്തീർണ്ണത്തിനനുസരിച്ച് പുന:നിർണ്ണയിച്ചില്ല.

| വീട്ടു നം. | പഠനമുറിയുടെ വിസ്തീർണ്ണം | നിലവിൽ വസ്തുനികുതി കണക്കാക്കുന്ന വിസ്തീർണ്ണം |
|---|---|---|
| 4/284 | 9.95$M^2$ | 62.11$M^2$ |
| 18/343 | 11.92$M^2$ | 60.48$M^2$ |
| 3/192 | 6.06$M^2$ | 63.79$M^2$ |
| 16/152 | 6.8$M^2$ | 40$M^2$ |
| 2/308 | 8.76$M^2$ | 48$M^2$ |
| 19/329A | 9.04$M^2$ | 74.58$M^2$ |
| 13/57 | 10.27$M^2$ | 65.33$M^2$ |
| 14/261 | 11.45$M^2$ | 28$M^2$ |
| 20/97 | 7.65$M^2$ | 59.03$M^2$ |
| 10/267 | 9.02$M^2$ | 61.53$M^2$ |
| 11/244 | 8.58$M^2$ | 40$M^2$ |

പഠനമുറിയുടെ വിസ്തീർണ്ണം കൂടി ഉൾപ്പെടുത്തി കെട്ടിടത്തിന്റെ വസ്തുനികുതി പുന:നിർണ്ണയിക്കേണ്ടതാണ്.

# 1-17 ഇ-ടെണ്ടർ ഫീസ് ലഭ്യമായില്ല

പഞ്ചായത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ നടത്തുമ്പോൾ കരാറുകാർ അടക്കുന്ന ടെണ്ടർ ഫീസ് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് നിക്ഷേപിക്കപ്പെട്ടിരുന്നത്. പിന്നീട് ടെണ്ടർ ഫീസ് പഞ്ചായത്ത് തലത്തിൽ അടവാക്കുന്നതിനായി അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ ബാങ്ക് അക്കൗണ്ട് ആരംഭിച്ചിരുന്നു. എന്നാൽ ഈ അക്കൗണ്ടിലേക്ക് അടവാക്കിയ ടെണ്ടർഫീസ് മറ്റേതോ അക്കൗണ്ടിലാണ് നിക്ഷേപിക്കപ്പെട്ടത്. ഇപ്രകാരം നാളിതുവരെ നടത്തിയ ഇ-ടെണ്ടറുകളുടെ ടെണ്ടർ ഫീസ് പൂർണ്ണമായും പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല. ഇതേവരെ ലഭിക്കാനുള്ള തുകയുടെ വിശദാംശങ്ങൾ പഞ്ചായത്ത് തയ്യാറാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വർഷം | അസിസ്റ്റന്റ് എഞ്ചിനീയറുടെ | എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ |
|---|---|---|---|

| | | അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യാതെ നഷ്ടമായ തുക | അക്കൗണ്ടിൽ നിന്നും ലഭിക്കേണ്ട തുക (ജി.എസ്.ടി. അടക്കം) |
|---|---|---|---|
| 1. | 2018-19 | | 30364 |
| 2. | 2017-18 | | 32144 |
| 3. | 2018-19 | 35952 | |
| | ആകെ | 35952 | 62508 |

പഞ്ചായത്തിന്റെ തനത് വരുമാനമായ ഇ-ടെണ്ടർ ഫീസ് തിരികെ ലഭിക്കാൻ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-18 മാർഗ്ഗരേഖയിലെയും സർക്കാർ ഉത്തരവിലേയും നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം സംബന്ധിച്ച് 13-ാം പദ്ധതി മാർഗ്ഗരേഖയായ 29.01.2018 ലെ സ.ഉ.(കൈ) നം.11/2018/തസ്വഭവ, യിൽ വിശദമായി നിർദ്ദശങ്ങളുണ്ട്. എന്നാൽ പ്രൊജക്ടുകളുടെ ആസൂത്രണം,നിർവ്വഹണം,മോണിട്ടറിംഗ് എന്നിവ നിർവ്വഹിക്കുമ്പോൾ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല. ഇത് പദ്ധതി നിർവ്വഹണത്തിന്റെ കാര്യക്ഷമതയേയും ഫലപ്രാപ്തിയേയും ബാധിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. റോഡ് കണക്റ്റിവിറ്റി പ്ലാൻ,ഭൂപടം എന്നിവ തയ്യാറാക്കിയിട്ടില്ല

ഗതാഗതമേഖലയിലെ പ്രൊജക്ട് നിർവ്വഹിക്കുന്നതിന് ഓരോ തദ്ദേശഭരണസ്ഥാപനവും റോഡ് കണക്റ്റിവിറ്റി ഭൂപടവും റോഡ് കണക്റ്റിവിറ്റി പദ്ധതിയും തയ്യാറാക്കേണ്ടതാണെന്ന് മാർഗ്ഗരേഖയിലെ ഖണ്ഡിക 7.13(1) ൽ അനുശാസിക്കുന്നു. ഓരോ റോഡ് നിർമ്മാണ പ്രവൃത്തിയോടൊപ്പവും റോഡ് കണക്റ്റിവിറ്റി ഭൂപടത്തിൽ പ്രസ്തുത റോഡിന്റെ ഭാഗം അടയാളപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ റോഡ് കണക്റ്റിവിറ്റി ഭൂപടവും പദ്ധതിയും തയ്യാറാക്കാതെയാണ് ഗതാഗതമേഖലയിലെ പ്രൊജക്ടുകൾ നടപ്പാക്കിയിരിക്കുന്നത്.

2. ആസ്തി സംരക്ഷണപദ്ധതി തയ്യാറാക്കിയിട്ടില്ല

സംരക്ഷണഗ്രാന്റും വകയിരുത്താൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി തദ്ദേശഭരണസ്ഥാപനത്തിന്റെ ഉടമസ്ഥതയിലും നിയന്ത്രണത്തിലും ഉള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണപദ്ധതി ഓരോ തദ്ദേശഭരണസ്ഥാപനവും തയ്യാറാക്കണമെന്ന് മാർഗ്ഗരേഖയിലെ ഖണ്ഡിക 6.7(1) ൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ആസ്തി സംരക്ഷണപദ്ധതി തയ്യാറാക്കാതെയാണ് ആസ്തി സംരക്ഷണപ്രവൃത്തികൾ ഗ്രാമപഞ്ചായത്ത് ഏറ്റെടുത്തിരിക്കുന്നത്.

3. നിർദ്ദിഷ്ട രീതിയിൽ മോണിറ്ററിംഗ് നടത്തുന്നില്ല

മാർഗ്ഗരേഖയിലെ ഖണ്ഡിക 13.1 പ്രകാരം പ്രൊജക്ട് മോണിട്ടറിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. അതിനായി പദ്ധതി രൂപീകരണത്തിനു ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണ്. മോണിട്ടറിംഗ് കമ്മിറ്റികൾ യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. എന്നാൽ ഈ രീതിയിലുള്ള മോണിട്ടറിംഗ് നടത്തിയിട്ടില്ല.

4. നിർമ്മാണപ്രവൃത്തികളുടെ വിവരങ്ങൾ പ്രദർശിപ്പിച്ചിട്ടില്ല

മാർഗ്ഗരേഖയിലെ ഖണ്ഡിക 13.5പ്രകാരം നിർമ്മാണപ്രവൃത്തികൾ സംബന്ധിച്ച് പ്രവൃത്തിയുടെ പേര്,വർഷം,പ്രവൃത്തി നടത്തുന്ന നിർവ്വഹണ ഏജൻസിയുടെ/കരാറുകാരന്റെ പേരും ഫോൺ നമ്പറും,എഞ്ചിനീയറുടെ പേരും ഫോൺ നമ്പറും,അടങ്കൽ തുക,പ്രവൃത്തി ഇനങ്ങൾ,ഉപയോഗിക്കേണ്ട സാധന സാമഗ്രികളുടെ അളവ് എന്നിവ പ്രവൃത്തി സ്ഥലത്ത് പ്രദർശിപ്പിക്കേണ്ടതാണ്. പ്രവൃത്തി പൂർത്തീകരിച്ച ശേഷം പ്രവൃത്തി നടക്കുന്ന സ്ഥലത്ത് പ്രവൃത്തിയുടെ പേര്,വർഷം,ചെലവഴിച്ചതുക, ഫണ്ടിന്റെ ഇനം,തദ്ദേശഭരണസ്ഥാപനത്തിന്റെ പേര് എന്നിവ രേഖപ്പെടുത്തിയ ബോർഡ്

പ്രദർശിപ്പിക്കണം. എന്നാൽ ബോർഡ് സ്ഥാപിക്കുന്നതിനുള്ള തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താവുന്നതാണ്. എന്നാൽ എസ്റ്റിമേറ്റിൽ തുക വകയിരുത്തിയിരുത്തുകയോ ബോർഡുകൾ സ്ഥാപിക്കുകയോ ചെയ്തിട്ടില്ല

5. രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ

1. ജി.ഒ.(പി) നം. 177/2006/21.3.2006 ലെ ഖണ്ഡിക 18.3 പ്രകാരം ഓരോ നിർവ്വഹണ ഉദ്യോഗസ്ഥനും ടി.ആർ. 7 എ ഫാറത്തിലുള്ള കാഷ് ബുക്ക് സൂക്ഷിക്കേണ്ടതാണ്. എന്നാൽ കാഷ് ബുക്ക് ടി.ആർ. 7 എ ഫാറത്തിലുള്ള കാഷ്ബുക്ക് അല്ല അസിസ്റ്റന്റ് എഞ്ചിനീയർ സൂക്ഷിക്കുന്നത്.

2. ജി.ഒ.(പി) നം. 177/2006/21.3.2006 ലെ 26.6 പ്രകാരം ഓരോ നിർവ്വഹണ ഉദ്യോഗസ്ഥനും അനുബന്ധം B-V ഫോറത്തിലുള്ള പ്രൊജക്ട് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. എന്നാൽ അസി.എഞ്ചിനീയർ പ്രൊജക്ട് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല. മേൽ അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-19 അഡ്വക്കേറ്റ് ഫീസ് - ആദായനികുതി ഈടാക്കിയിട്ടില്ല.

ശ്രീ റോയ് എബ്രഹാം, ശ്രീ ദീപു തങ്കൻ എന്നീ അഡ്വക്കേറ്റ്മാർക്ക് താഴെപറയും പ്രകാരം വക്കീൽ ഫീസ് നൽകിയിട്ടുണ്ട്.
1) ശ്രീ റോയ് എബ്രഹാം

വൗച്ചർ നമ്പർ 51800108-5/19
ചെക്ക് നമ്പർ 350113 തീയതി 04.05.2018
തുക 45000/- രൂപ

2) ദീപു തങ്കൻ
വൗച്ചർ നമ്പർ 51800053
വൗച്ചർ നമ്പർ 51800054
ചെക്ക് നമ്പർ 350108 തീയതി 11.04.2018
ചെക്ക് നമ്പർ 350105 തീയതി 19.04.2018

തുക 60000/- രൂപ

സെക്ഷൻ 194 J of IT Act പ്രകാരം 30,000/- രൂപയിലധികം നൽകുന്ന വക്കീൽ ഫീസിന് ആദായനികുതി അടവാക്കേണ്ടതാണ്. എന്നാൽ ആയത് അടവാക്കിയിട്ടില്ല. കൂടാതെ ഒരു കേസിന് നൽകാവുന്ന പരമാവധി തുക 15,000/- രൂപയാണ്. (18.02.16 ലെ സ.ഉ(എം.എസ്)നം.36/16 പ്രകാരം) 50,000/- രൂപ വരെ നൽകുന്ന ഫീസിന് വകുപ്പ് അദ്ധ്യക്ഷന്റെ അനുമതി തേടേണ്ടതാണ്. എന്നാൽ അനുമതി ലഭിച്ചിട്ടില്ല. ഇക്കാര്യത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 6) ലഭ്യമാക്കിയ മറുപടി പ്രകാരം ടി കാര്യത്തിന് സാധൂകരണം ലഭ്യമാക്കുന്നതിനായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും, ആദായനികുതി അടവാക്കുന്നതിനായി അഡ്വക്കേറ്റുമാർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ടി നടപടികൾ എത്രയും വേഗം പൂർത്തീകരിക്കേണ്ടതും സ്യൂട്ട് രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

# 1-20 തെരുവ് വിളക്ക് സംയുക്തപരിശോധന നടത്തിയിട്ടില്ല - മീറ്ററിംഗ് പൂർത്തീകരിച്ചിട്ടില്ല.

പഞ്ചായത്തിൽ തെരുവ് വിളക്കുകളുടെ ചാർജിനത്തിൽ 2018-19 സാമ്പത്തിക വർഷത്തിൽ 26,89,749/- രൂപ അടവാക്കിയിട്ടുണ്ട്. തെരുവ് വിളക്കുകളുടെ മീറ്ററിംഗ് പൂർത്തീകരിച്ചിട്ടില്ലായെന്നും, നിലവിലെ വിളക്കുകളുടെ എണ്ണത്തെ സംബന്ധിച്ച് കെ.എസ്.ഇ.ബി യുമായി ചേർന്ന് ഒരു സംയുക്ത പരിശോധന നടത്തിയിട്ടില്ലായെന്നും കാണുന്നു. ടി കാര്യത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടി പ്രകാരം സംയുക്ത പരിശോധന നടത്തുന്നതിനായി 19.07.2019 ന് ചേർന്ന സാധാരണ യോഗത്തിൽ 12(1) നമ്പറായി തീരുമാനമെടുത്തിട്ടുണ്ടെന്നറിയിച്ചിട്ടുണ്ട്. ആയതിൻ പ്രകാരം എക്സി. എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ട്.
മീറ്റർ സ്ഥാപിച്ച സ്ഥലങ്ങളിൽ വൈദ്യുതി ചാർജിനത്തിൽ കുറവ് വന്നിട്ടുണ്ടെന്ന് പരിശോധനയിൽ വ്യക്തമായി. ആയതിനാൽ ശേഷിക്കുന്ന സ്ഥലങ്ങളിലെ മീറ്ററിംഗ് ജോലികൾ ഉടനടി പൂർത്തീകരിക്കേണ്ടതാണ്. കൂടാതെ സംയുക്ത പരിശോധനയ്ക്കുള്ള നടപടികൾ എത്രയും വേഗത്തിൽ പൂർത്തീകരിക്കേണ്ടതാണ്.

## 1-21 പൊതുടാപ്പ് വെള്ളക്കരം - സംയുക്തപരിശോധന നടത്തിയിട്ടില്ല.

പഞ്ചായത്തിൽ നിലവിലുള്ള 282 പൊതുടാപ്പുകൾക്ക് പ്രതിമാസം 1,23,375/- രൂപ വെള്ളക്കരം അടവാക്കിയിരുന്നതും നവംബർ മാസത്തിൽ കേരള വാട്ടർ അതോറിറ്റിയുടെ ഡിമാന്റിന്റെ അടിസ്ഥാനത്തിൽ ടാപ്പുകളുടെ എണ്ണം 282 ൽ നിന്ന് 25 എണ്ണം വർദ്ധിച്ച് 307 എണ്ണമാവുകയും ആയതിന് 1,34,313/- രൂപ കരമടവാക്കി വരുന്നതായും കാണുന്നു. ടാപ്പുകളുടെ എണ്ണത്തെ സംബന്ധിച്ച് കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടി പ്രകാരം എക്സി. എഞ്ചിനീയർ കേരള വാട്ടർ അതോറിറ്റിയുടെ കത്തിന്റെ അടിസ്ഥാനത്തിൽ 4/16 മുതൽ 25 അധിക ടാപ്പുകൾ ഉണ്ടെന്നും ആയതിന്റെ കുടിശ്ശിക 3,08,890/- രൂപ അടവാക്കണമെന്നും 2018 നവംബർ മാസം മുതൽ കൂടുതലുള്ള ടാപ്പുകൾക്കു കൂടി കരമടവാക്കണമെന്നും ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് പുതിയ നിരക്ക് അടവാക്കിയിട്ടുള്ളതെന്നും അറിയിച്ചിട്ടുണ്ട്. 16.11.2018 ന് ചേർന്ന സാധാരണ യോഗത്തിൽ 3(1), 3(2) പ്രകാരം സംയുക്ത പരിശോധന നടത്താൻ തീരുമാനമെടുത്ത് 28.11.2018 ന് കത്ത് നൽകിയിട്ടുണ്ടെന്നും അറിയിച്ചിരിക്കുന്നു.

നിലവിലുള്ള ടാപ്പുകളുടെ എണ്ണത്തിൽ തന്നെ വ്യക്തതയില്ലാത്ത സാഹചര്യത്തിൽ ഏകപക്ഷീയമായി വർദ്ധിപ്പിച്ച ടാപ്പുകൾക്കു കൂടി കരമടവാക്കുന്നത് അഭിലഷണീയമല്ല. 2018-19 വർഷത്തിൽ ഈയിനത്തിൽ 14,28,131/- രൂപ ചെലവ് വന്നിട്ടുണ്ട്. തനത് ഫണ്ടിൽ നിന്ന് ഇത്രയും വലിയ തുക ചെലവ് വരുന്ന സാഹചര്യത്തിൽ സംയുക്ത പരിശോധന എത്രയും വേഗം പൂർത്തിയാക്കേണ്ടതും സേവനം ലഭ്യമാകുന്ന ടാപ്പുകൾക്ക് മാത്രം കരമടവാക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-22 ലോഗ് ബുക്ക് - അപാകതകൾ

പഞ്ചായത്തിൽ ഉപയോഗത്തിലിരിക്കുന്ന KL-48C-2727 ബൊലേറോ ജീപ്പിന്റെ ലോഗ് പുസ്തകം പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

1) ഉപയോഗത്തെ സംബന്ധിച്ച് ഒരു പ്രതിമാസ സംഗ്രഹം എഴുതി സൂക്ഷിക്കുന്നില്ല.
2) ഇന്ധനക്ഷമതാ സാക്ഷ്യപത്രം ലോഗ് ബുക്കിൽ പതിച്ച് സൂക്ഷിച്ചിട്ടില്ല.
3) ഇന്ധനം നിറക്കുന്നത് ഫുൾ ടാങ്ക് കപ്പാസിറ്റിയിലല്ല.
4) അറ്റകുറ്റപണികൾ സംബന്ധിച്ച് റിപ്പയർ രജിസ്റ്റർ, ഇന്ധനം നിറയ്ക്കുന്നത് സംബന്ധിച്ച് ഫ്യുവൽ രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കുന്നില്ല.

മേൽപറഞ്ഞ അപാകതകൾ പരിഹരിച്ച് ലോഗ് ബുക്കും അനുബന്ധ രജിസ്റ്ററുകളും കൃത്യമായി സൂക്ഷിക്കേണ്ടതാണ്.

## 1-23 തെരുവ് വിളക്ക് പരിപാലനം - അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥൻ – സെക്രട്ടറി
1.പ്രോജക്റ്റ് നം-230/19(സ്പിൽ ഓവർ)ചെലവ് 700000

ചെക്ക് നം 8879496/8-6-18 തുക 247475

ചെക്ക് നം 2062436/6-12-18 തുക 252733

ചെക്ക് നം 354673/26-8-19 തുക 197290

2.പ്രോജക്റ്റ് നം-230/19( new)ചെലവ്118005

ചെക്ക് നം 84175/25-2-19 തുക 14320

ചെക്ക് നം53299/12-3-19 തുക 98085

ചെക്ക് നം503291/12-3-19 തുക 5600

മേൽ പദ്ധതികൾ പ്രകാരം പഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ അറ്റകുറ്റ പണി നടത്തിയതിന് ശ്രീ അബ്ദുൾ ജലീൽ എന്നവർക്ക് 818005 രൂപ നൽകിയിട്ടുണ്ട്. പഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ എണ്ണം, ഇനം എന്നിവ സംബന്ധിച്ച് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ അറ്റകുറ്റപണിനടത്തിയ തെരുവുവിളക്കുകളുടെ ആധികാരികത പരിശോധിയ്ക്കാൻ സാധിച്ചിട്ടില്ല.പഞ്ചായത്ത് പരിധിയിലെ തെരുവുവിളക്കുകളുടെ എണ്ണം സംബന്ധിച്ച് കെ.എസ്.ഇ.ബി.യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല. കെ എസ് ഇ ബി യിൽ നിന്നും ലഭ്യമാക്കിയ കത്ത് പ്രകാരം നിലവിൽ 7420

വിളക്കുകൾക്ക് പ്രതിമാസം തുക അടവാക്കുന്നുണ്ട്.പഞ്ചായത്ത് ലഭ്യമാക്കിയ കണക്ക് പ്രകാരം 2550 തെരുവുവിളക്കുകളുള്ളതായാണ് അറിയിച്ചത്. സംയുക്ത പരിശോധന നടത്താത്തതിനാൽ ഒരു വലിയ തുക ഈയിനത്തിൽ പഞ്ചായത്തിന് നൽകേണ്ടി വരുന്നുണ്ട്. തെരുവു വിളക്കുകളുടെ എണ്ണം ,തരം എന്നിവ സംബന്ധിച്ച രജിസ്റ്റർ എഴുതി തയ്യാറാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. 15-9-11 തിയ്യതിയിലെ സർക്കുലർ നം 3065/ഡി എ3 2011 തസ്വഭവ പ്രകാരം കരാർ തുക യുടെ 10% സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.എന്നാൽ പ്രോജക്റ്റ് നം 230/19 ൽ 5% മാത്രമെ ഈടാക്കിയിട്ടുള്ളു. അപാകതകൾ പരിഹരിയ്ക്കേണ്ടതാണ്.

2. സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി – അധിക പലിശ അടവാക്കിയതിന്റെ കൃത്യത ഉറപ്പാക്കാനായില്ല
പ്രോജക്റ്റ് നം-261/19

പ്രോജക്റ്റ്-സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി

ചെക്ക് നം 782249/26-7-19 തുക 843934

വൗച്ചർ നം 21800394/26-7-18

കടവല്ലൂർ സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും പഞ്ചായത്തിന്റെ ഭവന നിർമ്മാണ പദ്ധതിയുടെ അധിക പലിശ അടവാക്കുന്നതിനായി 17-5-18ൽ കത്ത് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ മേൽ ചെക്ക് പ്രകാരം843934 രൂപ അടവാക്കിയിട്ടുണ്ട്. സ ഉ ( എം എസ് )നം 83/13 ത സ്വ ഭ വ തി . 11-3-13 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 27-11-14 ലെ 240/14 ലെ ഭരണ സമിതി തീരുമാന പ്രകാരം 20000000 രൂപ വായ്പ എടുത്ത് 20 ലക്ഷം രൂപ മുതലിലേക്കും 5 ലക്ഷം രൂപ പലിശയിലേക്കും ആയി പത്തു വർഷം കൊണ്ട് ലോൺ പൂർത്തീകരിയ്ക്കുന്നതിന് തീരുമാനമെടുത്തതിൻെറ അടിസ്ഥാനത്തിൽ കടവല്ലൂർ സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും 2015-16 വർഷം രണ്ട് കോടി രൂപ ലോൺ എടുക്കുകയും 2016-17 വർഷം മുതൽ തിരിച്ചടവ് ആരംഭിയ്ക്കുകയും ചെയ്തു.11-10-15 ലെ 202/DB1/15 തസ്വഭവ ഉത്തരവ് പ്രകാരം 11% പലിശ നിരക്കിൽ വായ്പയെടുത്ത് ഭവന നിർമ്മാണ പദ്ധതി നടപ്പാക്കുന്നതിനുള്ള അനുമതിയാണ് നൽകിയിരിക്കുന്നത്. 25-9-15 തിയ്യതിയിലെ കടവല്ലൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ 16-ാം നമ്പർ തീരുമാന പ്രകാരം മേൽ പദ്ധതിയ്ക്കായി 11% പലിശ നിരക്കിൽ 10 വർഷ കാലാവധിയിൽ 2 കോടി രൂപ വായ്പ സഹകരണ സംഘം രജിസ്ട്രാറുടെ അംഗീകാരത്തിനും നിബന്ധനകൾക്കും വിധേയമായി അനുവദിയ്ക്കുന്നതിന് സമ്മതമാണ് എന്ന് 28-9-15 ലെ സമ്മത പത്രത്തിലൂടെ പഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്.ഇക്കാര്യത്തിൽ പഞ്ചായത്തും ബാങ്കും തമ്മിൽ ഏർപ്പെട്ട കരാർ സ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.2016-17, 2018-19 വർഷങ്ങളിലും മേൽ പറഞ്ഞ തീരുമാനത്തിൽ പറയും വിധമാണ് മുതലും പലിശയും അടവാക്കിയിരുന്നത്. കടവല്ലൂർ സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും പഞ്ചായത്തിൻെറ ഭവന നിർമ്മാണ പദ്ധതി യുടെ അധിക പലിശ അടവാക്കുന്നതിനായി 17-5-18ല് കത്ത് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ മേൽ ചെക്ക് പ്രകാരം 843934 രൂപ അടവാക്കിയിട്ടുണ്ട്.എന്നാൽ ഇപ്രകാരം അധിക പലിശ കണക്കാക്കിയതിന്റെ രേഖകളൊന്നും തന്നെ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.അധിക പലിശ എപ്രകാരം ആണ് കണക്കാക്കിയത് എന്നതിന്റെ രേഖകളും ഇക്കാര്യത്തിൽ പഞ്ചായത്തും ബാങ്കും തമ്മിൽ ഏർപ്പെട്ട കരാറും പരിശോധനക്ക് ലഭ്യമാക്കും വരെയ്ക്കും ചെലവു തുക 843934 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

3. വിനിയോഗ സാക്ഷ്യപത്രം/ രസീതി ലഭ്യമല്ല – തുക തടസ്സപ്പെടുത്തുന്നു.
താഴെ പറയുന്ന പദ്ധതികളോടനുബന്ധിച്ച വിനിയോഗ സാക്ഷ്യപത്രം/രശീതി ഹാജരാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കുന്നതുവരെ 20,31,955/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| ക്രമ നമ്പർ | പ്രോജക്റ്റിന്റെ നമ്പർ/പേര് | ബിൽ നമ്പർ/;ചെക്ക് നമ്പർ/ തിയ്യതി | കൈമാറിയ സ്ഥാപനം | തുക | ഹാജരാക്കേണ്ട രേഖ |
|---|---|---|---|---|---|
| 1 | 1/19-IKM വിഹിതം നല്കൽ | Bill no.7/18-19 dt-14-6-18 | ഐ കെ എം | 108723 | രശീതി /വിനിയോഗ സാക്ഷ്യപത്രം |
| 2 | 40/19-വിഞ്ജാൻ സാഗർ അനുബന്ധപ്രവർത്തനങ്ങൾ | Bill no.10/18-19 dt-29-6-18 | വിജ്ഞാൻ സാഗർ സയൻസ് &ടെക്നോളജി പാർക്ക് | 100000 | രശീതി /വിനിയോഗ സാക്ഷ്യപത്രം |
| 3 | 38/19 സുശാന്തം വയോജന ക്ഷേമ പ്രവർത്തനം വിഹിതം കൈമാറൽ | Bill no.11/18-19 dt-29-6-18 | സുശാന്തം സൊസൈറ്റി ഫോർ | 50000 | തുക ആവശ്യപ്പെട്ടുകൊണ്ടുള്ള കത്ത് |

| | | | | | |
|---|---|---|---|---|---|
| | | | കെയർ ആൻറ് കംപാഷൻ | | കൈപ്പറ്റിയതിന്റെ രശീതി വിനിയോഗ സാക്ഷ്യപത്രം |
| 4. | 45/19 തെരുവ് വിളക്ക് സ്ട്രീറ്റ് മെയിൻ വലിക്കൽ | Bill no.50/18-19 dt-21-3-19<br>ചെക്ക് നം 1840069/13-3-19 | കെ എസ് ഇ ബി | 500000<br>174488 | രശീതി,പൂർത്തീകരണ സാക്ഷ്യപത്രം, പദ്ധതിയുടെ എസ്റ്റിമേറ്റ്, പെർഫോർമൻസ് റിപ്പോർട്ട്, കെ എസ് ഇ ബിയുമായി ഏർപ്പെട്ട കരാർ |
| 5 | 44/19 എസ് സി കോളനികളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | Bill no.49/18-19 dt-26-3-19<br>ചെക്ക് നം 1840068/13-3-19 | കെ എസ് ഇ ബി | 628000<br>208856 | രശീതി, പൂർത്തീകരണ സാക്ഷ്യപത്രം, പദ്ധതിയുടെ എസ്റ്റിമേറ്റ്, പെർഫോർമൻസ് റിപ്പോർട്ട്, കെ എസ് ഇ ബിയുമായി ഏർപ്പെട്ട കരാർ |
| 6. | 19/19 വടക്കേ ലക്ഷം വീട് കുടിവെള്ള പദ്ധതികുഴൽ കിണർ | Bill no.18/18-19 dt-29-6-18 | ഭൂഗർഭ ജല വകുപ്പ് | 200000 | എസ്റ്റിമേറ്റ് ലഭ്യമാക്കിയിട്ടില്ല |
| 7. | 262/19 പഞ്ചായത്ത് ഓഫീസിന് കമ്പ്യൂട്ടറുകൾ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ | ചെക്ക് നം 354942/27-3-19 | കെൽട്രോൺ | 61888 | ബിൽ, സ്റ്റോക്ക് രജിസ്റ്റർ |
| | | | ആകെ | 2031955 | |

4) സമ്പൂർണ്ണ ഭവന പദ്ധതി – തുക കൈപ്പറ്റിയിട്ടും നിർമ്മാണം ആരംഭിച്ചിട്ടില്ല
പ്രോജക്റ്റ് നം-259/19

പ്രോജക്റ്റ് നം-175/19

പ്രോജക്റ്റ്-സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി

ചെലവ് തുക 1345000

സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി 2017-18 വർഷം നടപ്പാക്കിയ ലൈഫ് ഭവന പദ്ധതി -പൂർത്തീകരിയ്ക്കാത്ത ഭവനങ്ങളുടെ എന്ന പദ്ധതി പ്രകാരം ആകെ ഒൻപത് പേർക്ക് ധനസഹായം അനുവദിച്ചതിൽ വാസു പി പി പുത്തൻ വീട്ടിൽ വീട് കടവല്ലൂർ എന്നവരുമായി കരാറിൽ ഏർപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 20000 രൂപ അനുവദിച്ചിരുന്നു. ഓഡിറ്റ് വർഷം ടിയാന് തുക ഒന്നും അനുവദിച്ചിട്ടില്ലെങ്കിലും ടിയാൻ യാതൊരു പ്രവർത്തിയും നടത്തിയിട്ടില്ല എന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 7-11-18 ലെ ബി 2-313/2018 നം കത്ത് പ്രകാരം തുക തിരിച്ചടവാക്കാൻ സെക്രട്ടറി ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിലെ തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

# 1-24 2015-16 വർഷത്തെ ഭിന്നശേഷി സ്കോളർഷിപ്പ് - ബാക്കി തുക നൽകൽ - മുൻപ് അനുവദിച്ച തുകയുടെ വിശദാംശം ലഭ്യമല്ല

പ്രോജക്റ്റ് നം 177/18-19
നിർവ്വഹണ ഉദ്യോഗസ്ഥൻ – ഐ.സി.ഡി.എസ്. സൂപ്പർവൈസർ

പ്രോജക്റ്റിന്റെ പേര്-2015-16 വർഷത്തെ ഭിന്നശേഷി സ്കോളർഷിപ്പ് തുക ബാക്കി നൽകൽ

ചെക്ക് നം -8879492/22-5-18-193700 വൗച്ചർ നം 21800153/22-5-18

ചെക്ക് നം -230068/26-6-18-124700 വൗച്ചർ നം 21800308/2-7-18

ചെക്ക് നം -1942582/25-10-18-91300 വൗച്ചർ നം 21800736/22-10-18

മേൽ പദ്ധതിയ്ക്കായി മേൽ പ്രകാരം ആകെ 409700 രൂപ ഗുണഭോക്താക്കൾക്കായി അനുവദിച്ച നൽകിയിട്ടുണ്ട്. ഗുണഭോക്താക്കൾക്ക് നൽകാനുള്ള തുക കണക്കാക്കിയതിന്റെ കമ്പ്യൂട്ടർ പ്രിൻറ് മാത്രമാണ് പരിശോധനയ്ക്ക് നൽകിയിട്ടുള്ളത്.2015-16 വർഷം ഓരോ ഗുണഭോക്താവിനും എത്ര തുക വീതം അനുവദിച്ച എന്നുള്ളതിൻെറ സാംഖ്യ ബിൽ അടക്കമുള്ള രേഖകൾ ലഭ്യമാക്കേണ്ടതാണ്.ആയത് ലഭ്യമാക്കും വരെയ്ക്കും ചെലവു തുക 409700 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

# 1-25 (1)കെ.എം.എസ്.സി.എൽ.-ൽ നിന്നും മരുന്ന് ലഭ്യമായിട്ടില്ല

1. പ്രൊജക്റ്റ് നമ്പർ49/19
നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ, PHC

പ്രൊജക്റ്റിന്റെ പേര്- പെരുമ്പിലാവ് പി എച്ച് സി യിലേക്ക് മരുന്ന് വാങ്ങൽ

ബിൽ നം 17/18-19 തിയ്യതി 25-3-19

തുക-200000

ബിൽ നം 18/18-19 തിയ്യതി 25-3-19

തുക-150000

മേൽ ബിൽ പ്രകാരം 350000 രൂപ kmscl-ന് (പ്രഫോർമ്മ ഇൻവോയ്സ് നം -5633/23-3-19,5639/23-3-19) കൈമാറിയിട്ടുണ്ട്. ആയതിൽ 86892 രൂപയുടെ മരുന്ന് മാത്രമാണ് ലഭ്യമായിട്ടുള്ളത്. ബാക്കി 263108 രൂപയുടെ മരുന്ന് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിയ്ക്കേണ്ടതാണ്.

2) വയോജനങ്ങൾക്ക് ജീവിതശൈലീ രോഗ ക്ലിനിക്ക് – തുക കൈമാറിയിട്ടും ഉപകരണങ്ങൾ ലഭ്യമായിട്ടില്ല
പ്രൊജക്റ്റ് നമ്പർ 53/-19
നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ

പ്രൊജക്റ്റിന്റെപേര്- വയോജനങ്ങൾക്ക് ജീവിതശൈലീ രോഗ ക്ലിനിക്ക്

ബിൽ നം 9/18-19 തിയ്യതി 21-1-19

തുക-130000

മേൽ പദ്ധതിയ്ക്കായി മെഡിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിനായി 130000 രൂപ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിക്ക് കൈമാറിയിട്ടുണ്ട്.നാളിതുവരെയായിട്ടും ഉപകരണങ്ങൾ ലഭ്യമായിട്ടില്ല. ആയതിൽ 106195 രൂപയുടെ ഉപകരണങ്ങൾ മാത്രമെ ലഭ്യമായിട്ടുള്ളൂ. ബാക്കി 23805 രൂപയുടെ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിയ്ക്കേണ്ടതാണ്.

3)സാന്ത്വന പരിചരണം – മരുന്ന് ലഭിയ്ക്കാൻ നടപടികളെടുക്കേണ്ടതാണ്
പ്രൊജക്റ്റ് നമ്പർ 48/19
നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ, PHC
പ്രൊജക്റ്റിന്റെ പേര്- സാന്ത്വന പരിചരണം

ബിൽ നം 16/18-19 തിയ്യതി 25-3-19

തുക-74150

ചെക്ക് നം 354661/25-3-19 തുക 210000

ചെക്ക് നം 503302/25-3-19തുക 150000

ചെക്ക് നം 503303/25-3-19 തുക 50000

മേൽ ബില്ലുകൾ പ്രകാരം 484150 രൂപ kmscl ന് കൈമാറിയിട്ടുണ്ട്.ആയതിൽ 97046 രൂപയുള്ള മരുന്ന് മാത്രമാണ് ലഭ്യമായിട്ടുള്ളത്. ബാക്കി 387104 രൂപയുള്ള മരുന്ന് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിയ്ക്കേണ്ടതാണ്.

4. പകർച്ചവ്യാധി നിയന്ത്രണം – ചെലവുകൾ മാർഗ്ഗരേഖക്കനുസൃതമാകാൻ ശ്രദ്ധിയ്ക്കേണ്ടതാണ്.
പ്രോജക്റ്റ് നം 52/19

പ്രൊജക്റ്റിന്റെ പേര്-പകർച്ചവ്യാധി നിയന്ത്രണം
നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ – PHC

ബിൽ നം 14/18-19 തിയ്യതി 28-3-19 തുക 45560/-

ബിൽ നം 19/18-19 തിയ്യതി 25-3-19 തുക 9850/-

ബിൽ നം 13/18-19 തിയ്യതി 25-3-19 തുക 96500/-

മേൽ പദ്ധതി പ്രകാരം തൊഴിലുറപ്പ് തൊഴിലാളികൾക്ക് എലിപ്പനി ബോധവൽക്കരണ ക്ളാസ്,ഇതര സംസ്ഥാന തൊഴിലാളികൾക്ക് സ്കിൻ ടെസ്റ്റ് ,രക്ത പരിശോധന വിവിധ ഹോട്ടലുകളിൽ ഭക്ഷണം കൈകാര്യം ചെയ്യുന്നവർക്ക് ഏകദിന ശിൽപശാല ,നായാടി കോളനികളിൽ മെഡിക്കൽ ക്യാമ്പ്, കൗമാര പ്രായത്തിലുള്ള കുട്ടികൾക്ക് പകർച്ചവ്യാധി നിയന്ത്രണമാർഗ്ഗങ്ങളെ കുറിച്ച് ഏകദിന ശില്പശാല ,കുടുംബശ്രീ ആരോഗ്യദായക വളണ്ടിയർ പരിശീലനം ,ആശ അങ്കണവാടി പരിശീലനം എന്നിവ നടത്തിയിട്ടുണ്ട്.ക്യാമ്പിൽ പങ്കെടുത്തവരുടെ പേര് രേഖപ്പെടുത്തിയ ലിസ്റ്റ് ഫയലിലുണ്ടെങ്കിലും പരിശോധന നടത്തി കണ്ടെത്തിയതിന്റെ വിവരങ്ങൾ തുടർ നടപടി എടുത്തതിൻെറ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല.മരുന്ന് വിതരണം തൊഴിലുറപ്പ് തൊഴിലാളികൾക്ക് മാത്രമാണ് നടത്തിയിരിക്കുന്നത്. പദ്ധതി മാർഗ്ഗരേഖ 2018-19 പ്രകാരം `ഒരു പ്രോജക്റ്റിന്റെ അനിവാര്യ ഘടകമാണെങ്കിൽ മാത്രം ബോധവൽക്കരണ പരിപാടികൾ ഏറ്റെടുക്കാമെന്ന് പറയുന്നു. സബ്സിഡി മാർഗ്ഗരേഖ 8.1.1 പ്രകാരമുള്ള ബോധവൽക്കരണ വിഷയങ്ങളിൽ പകർച്ചവ്യാധി തടയൽ ഉൾപ്പെട്ടിട്ടില്ല. പ്രോജക്റ്റ് പ്രകാരം തെരുവ് നാടകം,മൈക്ക് അനൗൺസ്മെൻറ് , ഹോണറേറിയം വണ്ടി വാടക ,ഭക്ഷണം എന്നിവയ്ക്കുമാത്രമായാണ് 103150 രൂപയും ചെലവഴിച്ചിരിയ്ക്കുന്നത്. പദ്ധതികൾ ഏറ്റെടുത്ത് നടത്തുമ്പോൾ മാർഗ്ഗരേഖയ്ക്ക് അനുസൃതമാകാൻ ശ്രദ്ധപുലർത്തേണ്ടതാണ്.

# 1-26 ഹോംകോയിൽ നിന്നും മരുന്ന് ലഭ്യമായിട്ടില്ല - ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്

പ്രോജക്റ്റ് നം 8/19
നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ – ഹോമിയോ

ബിൽ നം1/2018-19തി-22-10-18 തുക 200000

പ്രോജക്റ്റിന്റെ പേര്-ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന വാങ്ങൽ

മേൽ ബിൽ പ്രകാരം 200000 രൂപ ഹോംകോയിലേക്ക് മരുന്ന വാങ്ങുന്നതിനായി നൽകിയിട്ടുണ്ട്.ആയതിൽ ബിൽ നം 1914/31-7-29 പ്രകാരം 106720 രൂപയുള്ള മരുന്ന് മാത്രമാണ് ലഭ്യമായിരിക്കുന്നത്.ബാക്കി 93280 രൂപയുള്ള മരുന്ന് ലഭ്യമായതിന്റെയും സ്റ്റോക്കിലെടുത്തതിന്റെയും വിവരം ലഭ്യമാക്കേണ്ടതാണ്.

# 1-27 കാന നിർമ്മാണത്തിൽ നിന്നും ലഭിച്ച മണ്ണ് ലേലം നടത്തിയിട്ടില്ല

താഴെ പറയുന്ന കാന നിർമ്മാണത്തിൽ നിന്നും ലഭിച്ച മണ്ണ് ലേലം ചെയ്യുവാൻ ഭരണസമിതി തീരുമാനിച്ചിട്ടുണ്ട്. ലേലം നടത്തി വിൽപന നടത്തിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. ഇക്കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് | ലഭിച്ച മണ്ണിന്റെ അളവ് | ഭരണസമിതി തീരുമാനം |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| 1. | കോട്ടോൽ എപ്പനിയാൽ കോളനി ഡെവലപ്പ്മെന്റ് | 162.99 | 2(1)/28.3.19 |
| | | | |

## 1-28 വിട്ടുകിട്ടിയ ഭൂമി പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല

വിവിധ ആവശ്യങ്ങൾക്കായി തൻവർഷം പഞ്ചായത്തിന് വിട്ടുകിട്ടിയ ഭൂമിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ഇവ പഞ്ചായത്തിന്റെ ആസ്തിയാക്കി മാറ്റുന്നതിനും ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിനുമുള്ള ഭരണസമിതി തീരുമാനമെടുത്തിട്ടുണ്ട്. എന്നാൽ ഇവ പഞ്ചായത്തിന്റെ ഭൂമിയാക്കി മാറ്റിയതിന്റേയും ആസ്തി രജിസ്റ്ററിൽ ചേർത്തതിന്റേയും വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

| വില്ലേജ് | സർവ്വെ നം | അളവ് | ഭരണസമിതി തീരുമാനം |
|---|---|---|---|
| കടവല്ലൂർ | 924/3 | 14 മീറ്റർ നീളത്തിലും 2 അടി വീതിയിലും റോഡ് വീതി കൂട്ടുന്നതിനായി വിട്ടുകിട്ടിയത് | 12(1)/17.4.18 |
| " | 926/1 | 6 മീറ്റർ നീളത്തിലും 3 അടി വീതിയിലും റോഡ് വീതി കൂട്ടുന്നതിനായി വിട്ടുകിട്ടിയത് | 7(1)/15.5.18 |
| | | പള്ളിക്കുളം കാരമിൽ റോഡ് വീതി കൂട്ടൽ, ഇന്ദിരാജി കുടിവെള്ളപദ്ധതിക്കായി ടാങ്ക് നിർമ്മിക്കൽ എന്നിവക്കായി കാരാമിൽ മൊയ്തീൻക്കുട്ടി മകൻ മൊയ്തു,ചെമ്പ്രയൂർ മൂസ്സ ഭാര്യ സുഷ്റ തുടങ്ങിയ അഞ്ചു പേർ പഞ്ചായത്തിന് വിട്ടുനൽകിയ സ്ഥലം | 1(14)/23.7.18 |
| | 87/p,88 | 1.5 സെന്റ് ഭൂമി റോഡിനായി വിട്ടുകിട്ടിയത് | 1(17)/23.7.18 |
| പെരുമ്പിലാവ് | 265 | 5 സെന്റ് ഭൂമി റോഡിനായി വിട്ടുകിട്ടിയത് | 1(14)/21.8.18 |

മേൽ വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കാത്തത് ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു

## 1-29 ആസ്തികളുടെ ഉടമസ്ഥാവകാശം ഉറപ്പ് വരുത്താതെ നിർമ്മാണപ്രവൃത്തി നിർവ്വഹിച്ചു

പുതിയ നിർമ്മാണപ്രവൃത്തികൾ നടത്തുമ്പോൾ നിർമ്മാണം നടത്തപ്പെടുന്ന സ്ഥലത്തിന്റേയും അറ്റക്കുറ്റപ്പണികൾ നടത്തുമ്പോൾ അററക്കുറ്റപ്പണി നടത്തപ്പെടുന്ന ആസ്തിയുടേയും ഉടമസ്ഥാവകാശം ഉറപ്പുവരുത്തേണ്ടതാണ്. പ്രവൃത്തികളുടെ പ്രൊജക്ട് ഫോറത്തിന്റെ ബന്ധപ്പെട്ട കോളങ്ങളിൽ (ക്രമ നമ്പർ 36,37) ആസ്തി പഞ്ചായത്തിന്റേതാണെന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ യുണീക് ഐഡന്റിഫിക്കേഷൻ നമ്പർ,സ്ഥലത്തെ സംബന്ധിച്ച വിശദാംശങ്ങൾ എന്നിവ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ചില പ്രവൃത്തികളിൽ ഇത്തരം വിവരങ്ങൾ ചേർക്കുന്നില്ല.ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്ട് നം/ പേര് | ട്രഷറി ബിൽ നം/ തിയതി | ചെലവഴിച്ച തുക ₹ | കുറിപ്പുകൾ |
|---|---|---|---|---|
| 1. | 284/19, വനിത തൊഴിൽ പരിശീലന കേന്ദ്രം | 84/27.3.19 | 298201 (ഒന്നാം പാർട്ട് ബിൽ) | പ്രൊജക്ട് ഫോറത്തിൽ ക്രമ നം.G.37ൽ നിർമ്മാണം നടത്തുന്ന സ്ഥലത്തിന്റെ വിശദാംശങ്ങൾ ചേർത്തിട്ടില്ല |
| 2. | 156/19, പകൽവീട് | 81/15.3.19 | 3607 1079639 (ബ്ലോക്ക് വിഹിതം) | ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് നിർമ്മിക്കാൻ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി അനുവാദം നല്കിയ തീരുമാനം ഉണ്ട്. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടതിന്റെ യുണീക് id നമ്പറോ പ്രസ്തുത പേജിന്റെ പകർപ്പോ ഫയലിലില്ല. |

ഇപ്രകാരം ഉടമസ്ഥാവകാശം ഉറപ്പുവരുത്താതെ നിർമ്മാണപ്രവൃത്തികൾ ഏറ്റെടുക്കുന്നത് ഉടമസ്ഥാവകാശം സംബന്ധിച്ച് പരാതികൾ ഉടലെടുക്കുന്നതിന് കാരണമായി തീരുകയും പ്രവൃത്തികൾ തടസ്സപ്പെടുന്നതിനോ ഭാഗികമായി മാത്രം നിർവ്വഹിച്ച് അവസാനിപ്പിക്കുന്നതിനോ ഇടയാക്കുകയും ചെയ്യുന്നു. .

പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ബന്ധപ്പെട്ട ആസ്തികളുടെ ഉടമസ്ഥാവകാശം പഞ്ചായത്ത് ഉറപ്പ് വരുത്തേണ്ടതാണ്. വില്ലേജ് രേഖകൾ പരിശോധിച്ച് ഉറപ്പാക്കിയശേഷം അവ ആസ്തി രജിസ്റ്ററിൽ ചേർക്കുകയും പ്രൊജക്ട് രൂപീകരണഫോറത്തിൽ ആസ്തി സംബന്ധിച്ച വിശദാംശങ്ങൾ രേഖപ്പെടുത്തുകയും ചെയ്യുന്നത് വഴി പ്രവൃത്തികളുടെ നിർവ്വഹണസമയത്ത് പരാതികൾ ഉടലെടുക്കുന്നത് ഒഴിവാക്കാനാവുന്നതാണ്.

# 1-30 സിംഗിൾ ടെണ്ടർ അംഗീകരിച്ചു

ജി.ഒ.(പി) നം.324/2015/ഫിൻ. തിയതി 30.07.2015 പ്രകാരം സിംഗിൾ ടെണ്ടർ സ്വീകരിക്കുന്നതിൽ സ്വീകരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് ടെണ്ടർ ക്ഷണിക്കുന്ന ആദ്യത്തെ തവണ ലഭിക്കുന്ന സിംഗിൾ ടെണ്ടർ തുറക്കാൻ പാടില്ലാത്തതാണ്. അധികാരികൾക്ക് റീടെണ്ടർ നടത്തുന്നതിനോ, ടെണ്ടർ സമർപ്പിക്കേണ്ട അവസാന തിയതി 15 പ്രവൃത്തി ദിവസം കണക്കാക്കി ദീർഘിപ്പിച്ച് നൽകാവുന്നതോ ആകുന്നു. ഇതിനിടയിൽ പുതിയ ടെണ്ടർ സമർപ്പിക്കപ്പെടുകയാണെങ്കിൽ ആയതും കൂടി പരിഗണിച്ച് തീരുമാനമെടുക്കാവുന്നതാണ്. ദീർഘിപ്പിച്ച കാലയളവിൽ പുതിയ ടെണ്ടർ ഒന്നും തന്നെ ലഭിച്ചില്ലെങ്കിൽ റീടെണ്ടർ ചെയ്യേണ്ടതാണ്. ലഭിച്ച ടെണ്ടർ തുറക്കാൻ പാടില്ലാത്തതുമാകുന്നു.

എന്നാൽ മേൽ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി താഴെ പറയുന്ന പ്രവൃത്തികൾക്ക് ആദ്യം നടത്തിയ ടെണ്ടറിൽ തന്നെ ലഭിച്ച സിംഗിൾ ടെണ്ടർ അംഗീകരിച്ചിട്ടുണ്ട്.

| ക്രമ നം. | പ്രൊജക്ട് നം/ പ്രവൃത്തിയുടെ പേര് | അടങ്കൽ | കരാറുകാരന്റെ പേര് | അംഗീകരിച്ച തുക |
|---|---|---|---|---|
| 1. | 85/19,ആനക്കല്ല് പള്ളി ക്രഷർ റോഡ് | 685000 | അഷ്റഫ് . കെ.കെ | 679953.96 |
| 2. | 274/19,കോട്ടോൽ കോട്ടയിൽ റോഡ് | 625000 | അഷ്റഫ് . കെ.കെ | 619515.75 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.12/27.09.2019ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാന പ്രകാരമാണ് സിംഗിൾ ടെണ്ടർ അംഗീകരിച്ചതെന്നും പഞ്ചായത്തിലെ അഞ്ചാം വാർഡിൽ ഉപതെരഞ്ഞെടുപ്പ് വരുന്നതിനാൽ പെരുമാറ്റ ചട്ടം നിലവിൽ വന്നാൽ റീ ടെണ്ടർ നടത്താൻ സാധിക്കില്ല എന്നതിനാൽ പദ്ധതി നിർവ്വഹണം കാലതാമസം നേരിടും എന്നതിനാലും ജില്ലാ പഞ്ചായത്ത് വിഹിതം നഷ്ടമാകുമെന്നതിനാലുമാണ് സിംഗിൾ ടെണ്ടർ അംഗീകരിക്കുവാൻ ശുപാർശ നൽകിയതെന്നും അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ മറുപടിയിൽ പറയുന്നു.
സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി സിംഗിൾ ടെണ്ടർ അംഗീകരിച്ച നടപടി ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

# 1-31 ലെവൽ അടിസ്ഥാനത്തിൽ അളവ് രേഖപ്പെടുത്തുന്നില്ല

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെസാങ്കേതിക വിഭാഗം ഉദ്യോഗസ്ഥർ പ്രവൃത്തി നിർവ്വഹണത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ സൂചിപ്പിക്കുന്ന സർക്കുലർ നം. ഇ-20/6699/2018/സി.ഇ./തസ്വഭവ/തിയതി. 21.06.2018 ലെ ഖണ്ഡിക (എഫ്) ൽ റോഡ് നിർമ്മാണ പ്രവൃത്തികളിൽ WMM,Chipping carpet,BM&BC എന്നിവയുടെ levels ആണ് അളവ് രേഖപ്പെടുത്തുന്നതിന് നിർദ്ദേശിച്ചിരുന്നതെന്നും എന്നാൽ ഇത് പല സ്ഥലങ്ങളിലും യഥാർത്ഥ അളവുകളുമായി പൊരുത്തപ്പെടുന്നില്ലെന്ന് വ്യാപകമായ പരാതി ലഭിച്ചതായും പറയുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ measurement/check measurement authority 30x30 cm അളവിൽ നിർദ്ദിഷ്ട രീതിയിൽ കട്ട് ചെയ്ത് ഓരോ ലെയറും സ്കെയിൽ ഉപയോഗിച്ച് അളന്ന് അളവ് പുസ്തകം റിമാർക്സ് കോളത്തിൽ രേഖപ്പെടുത്തേണ്ടതും പ്രസ്തുത അളവ് levels അളവുകളുമായി താരതമ്യപ്പെടുത്തി പരിശോധിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ ഒരു പ്രവൃത്തിക്ക് കുറഞ്ഞത് 250 മീറ്ററിന് ഒന്ന് എന്ന തോതിൽ മേൽ പ്രകാരം സാമ്പിൾ എടുത്ത് ഓരോ ലെയറിന്റേയും കനം ഉറപ്പാക്കേണ്ടതുമാണ്. എന്നാൽ കടവല്ലൂർ പഞ്ചായത്തിലെ റോഡ് പ്രവൃത്തികളിൽ ലെവൽ അടിസ്ഥാനത്തിൽ അളവ് രേഖപ്പെടുത്തുന്നതിന് പകരം ടേപ്പ് ഉപയോഗിച്ച് മാത്രമാണ് അളവ് രേഖപ്പെടുത്തിയിരിക്കുന്നത്.

ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്ടിന്റെ നം/ പേര് | ക്രമനം/ ഇനം | നിർവ്വഹിച്ച അളവ് m3 | അളവ് പുസ്തകം | പ്രവൃത്തിക്ക് ചെലവഴിച്ച തുക (ട്രഷറി ബിൽ നം/തിയതി; തുക) |
|---|---|---|---|---|---|
| 1. | 191/19,വെള്ളയപ്പം റോഡ് മെറ്റലിംഗ്,ടാറിംഗ് | 1. wmm (4.9) | 39.15 | 264/15-16 | 7/23.5.18;265818 |
| 2. | 85/19,ആനക്കല്ല് പള്ളി ക്രഷർ റോഡ് | 3.wmm (4.9) | 98.68 | 35/17-18 | 55/31.12.18; 234751<br>399517(മറ്റ് ഫണ്ട്) |
| 3. | 190/19,പള്ളിക്കുളം കാരമൽ എസ്റ്റേറ്റ് റോഡ് മെറ്റലിംഗ്,ടാറിംഗ് | 1. wmm (4.9) | 41.535 | 115/17-18 | 5/23.5.18;<br>282012 |
| 4. | 184/19,ചെറുവത്തൂർ ഗ്രീൻ സിറ്റി റോഡ് | 1. wmm (4.9) | 31.75 | 116/17-18 | 8/23.5.18;215812 |

| | | | | | |
|---|---|---|---|---|---|
| | മെറ്റലിംഗ്, ടാറിംഗ് | | | | |
| 5. | 188/19, പനറുവളപ്പിൽ റോഡ് മെറ്റലിംഗ്, ടാറിംഗ് | 1. wmm (4.9) | 21.21 | 175/17-18 | 30/21.10.18; 144010 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.12/27.9.2019ന് ലഭ്യമാക്കിയ മറുപടിയിൽ തൃശ്ശൂർ ജില്ലാ പഞ്ചായത്തിലെ തീരുമാനപ്രകാരം 100 m3ന് മുകളിൽ വരുന്ന റോഡ് പ്രവൃത്തികൾക്ക് മാത്രമാണ് ലെവൽ എടുക്കാൻ നിർദ്ദേശിച്ചിട്ടുള്ളതെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച ഉത്തരവ് /തീരുമാനത്തിന്റെ പകർപ്പ് എന്നിവ ലഭ്യമാക്കിയില്ല. മേൽ വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപെടുത്തുന്നു.

# 1-32 വകയിരുത്തിയ തുക മുഴുവൻ ചെലവഴിക്കാനായില്ല

പൊതുമരാമത്ത് മേഖലയിൽ ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകളുടെ എണ്ണം, വകയിരുത്തിയ തുക, നടപ്പാക്കിയ പ്രൊജക്ടുകളുടെ എണ്ണം, ചെലവഴിച്ച തുക എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ | നടപ്പാക്കിയത് | നടപ്പാക്കിയതിന്റെ ശതമാനം | വകയിരുത്തിയ തുക | ചെലവഴിച്ച തുക₹ | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| പ്രൊജക്ടുകൾ / വകയിരുത്തിയ തുക | 132 | 83 | 63 | 47612637 | 25988755 | 55 |

പ്രൊജക്ടുകളിൽ 63% പ്രൊജക്ടുകളാണ് തൻവർഷം നടപ്പാക്കിയത്. വകയിരുത്തിയ തുകയുടെ 55% ഇതിനായി ചെലവഴിച്ചു. ആകെ വകയിരുത്തിയ 47612637 രൂപയിൽ 25988755 രൂപയാണ് ചെലവഴിച്ചിട്ടുള്ളത്.

വകയിരുത്തിയ ഫണ്ട് മുഴുവൻ ചെലവഴിക്കാത്തത് സംബന്ധിച്ച് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയിട്ടുണ്ട്. 2018-19 വർഷത്തെ പദ്ധതി നിർവ്വഹണത്തിനായി സാമ്പത്തിക അനുമതി ലഭിച്ചിരുന്നെങ്കിലും സ്പിൽ ഓവർ പ്രവൃത്തികൾക്ക് ഫണ്ട് അനുവദിച്ചിട്ടില്ലാത്തതിനാൽ 9740400 രൂപയുടെ നിർമ്മാണപ്രവൃത്തികൾ പൂർത്തീകരിച്ചിട്ടും അലോട്ട്മെന്റ് ലഭിക്കാത്തതത് മൂലം ചെലവ് നടത്താൻ കഴിഞ്ഞില്ലെന്ന് മറുപടിയിൽ പറയുന്നു. 2450700 രൂപയുടെ കെട്ടിട നിർമ്മാണപ്രവൃത്തികൾക്ക് അംഗീകാരം ലഭിച്ചത് ഡിസംബർ 15ന് മാത്രമാണെന്നും മേൽ പ്രവൃത്തികൾ ഇ ടെണ്ടറിൽ കരാറുകാർ ഏറ്റെടുക്കാത്തതിനാലും റീ ഇ-ടെണ്ടർ ചെയ്ത് നിർവ്വഹണം നടത്താൻ കാലതാമസം നേരിട്ടതിനാലും പ്രവൃത്തികൾ പൂർത്തീകരിക്കാൻ സാധിച്ചില്ലെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

അതേസമയം തൻവർഷം പൊതുവിഭാഗം വികസനഫണ്ടിനത്തിൽ 43ലക്ഷത്തോളം രൂപ ചെലവഴിക്കാതെ നഷ്ടപ്പെട്ടിട്ടുണ്ട്. ഫണ്ട് വകയിരുത്തുന്നതിലും പദ്ധതി ഭേദഗതി വരുത്തി പുനർക്രമീകരിക്കുന്നതിലും കൂടുതൽ ജാഗ്രത പുലർത്തണമെന്ന് ഇത് വ്യക്തമാക്കുന്നു. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# 1-33 കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതികളോടനുബന്ധിച്ച് താഴെ പറയുന്ന അപാകതകൾ കാണുന്നു

1.S0107/19-കവുങ്ങ് കൃഷി വികസനം

അടങ്കൽ. 236013 രൂപ

ചെലവ്. ട്രഷറി ബിൽ നം . 8/14.03.19-25071 രൂപ

ചെക്ക് നം. 0503293/13.03.19-78877 രൂപ

ആകെ-103948

പ്രൊജക്ട് പ്രകാരം തുരിശ്, കുമ്മായം, ജൈവ വളം എന്നിവ ഗുണഭോക്താക്കൾ കടവല്ലൂർ ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും വാങ്ങി ബില്ലും അപേക്ഷയും സമർപ്പിക്കുന്ന മുറക്ക മാത്രമേ സബ്സിഡി തുക അനുവദിക്കേണ്ടതുള്ളൂ.എന്നാൽ ഇവിടെ പ്രോജക്ടിൽ നിന്നും വ്യതിചലിച്ച് ഗുണഭോക്താക്കൾ മണ്ടുമ്പാൽ സ്റ്റോർസ് ,നാഷണൽ സ്റ്റോർസ് എന്നീ സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും വളം വാങ്ങി രേഖകൾ സമർപ്പിക്കുകയും ആനുപാതികമായി സബ്സിഡി തുക അനുവദിക്കുകയും ചെയ്തു.പദ്ധതി പ്രകാരം ഒരു കവുങ്ങിന് ആനുപാതികമായി നിശ്ചയിക്കപ്പെട്ട ജൈവ വളത്തിന്റെ വില / അളവ് രേഖപ്പെടുത്തിയിട്ടുമില്ല.

2. S0115/19-മട്ടുപ്പാവിൽ പച്ചക്കറിത്തോട്ടം

പദ്ധതി അടങ്കൽ. 91666 രൂപ

ചെലവ്. ട്രഷറി ബിൽ നം . 7/14.03.19-49867 രൂപ

ട്രഷറി ബിൽ നം . 6/14.03.19-9500 രൂപ

ചെക്ക് നം. 0503294/13.03.19-16625 രൂപ

ആകെ-75992

സബ്സിഡി മാർഗ്ഗരേഖ പ്രകാരം (സ.ഉ (കൈ ) നം.22//2018/തസ്വഭവ തീ.14.02.18) പച്ചക്കറി കൃഷി ടെറസ്സിലും മുറ്റത്തും എന്ന പദ്ധതിയുടെ ഭാഗമായി പോട്ടിംഗ് മിശ്രിതം നിറച്ച് തൈ ഉൾപ്പെടെയുള്ള ഗ്രോബാഗുകളാണ് വിതരണം ചെയ്യേണ്ടിയിരുന്നത് .ആയതിന് 75% സബ്സിഡി നൽകാവുന്നതുമാണ്. എന്നാൽ ഇവിടെ പോട്ടിംഗ് മിശ്രിതം ,തൈ എന്നിവ ഇല്ലാതെ ഗ്രോബാഗും കൂടെ ഒരു പാക്കറ്റ് വിത്തുമാണ് വിതരണം ചെയ്തത്. മാർഗ്ഗരേഖയിൽ നിന്നും വ്യതിചലിച്ച് പദ്ധതി നടപ്പിലാക്കിയതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

# 1-34 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - വ്യവസ്ഥകൾ പാലിക്കാതെ പണിതവർക്ക് ധനസഹായം അനുവദിച്ചു

നിർവ്വഹണ ഉദ്യോഗസ്ഥൻ . ഹെഡ്മിസ്ട്രസ് ,ജിയുപിഎസ് കൊരട്ടിക്കര

പ്രൊജക്ട് നം .so119/19

അടങ്കൽ .2000000രൂപ

ചെലവ്. ട്രഷറി ബിൽ നം . 1/26.07.18-150000 രൂപ

ട്രഷറി ബിൽ നം . 2/21.08.18-200000 രൂപ

ട്രഷറി ബിൽ നം . 3/27.10.18-50000 രൂപ

ട്രഷറി ബിൽ നം . 4/27.10.18-50000 രൂപ

ട്രഷറി ബിൽ നം . 5/27.10.18-50000 രൂപ

ട്രഷറി ബിൽ നം . 6/16.11.18-100000 രൂപ

ട്രഷറി ബിൽ നം . 7/16.11.18-100000 രൂപ

ട്രഷറി ബിൽ നം . 8/23.01.19-50000 രൂപ

ട്രഷറി ബിൽ നം . 9/11.02.19-50000 രൂപ

ട്രഷറി ബിൽ നം . 9/11.02.19-50000 രൂപ

ട്രഷറി ബിൽ നം . 10/11.02.19-50000 രൂപ

ട്രഷറി ബിൽ നം . 11/29.03.19-50000 രൂപ

ആകെ-950000രൂപ

1.2017-18 ലെ പ്രൊജക്ടിന്റെ സ്പിൽഓവർ പ്രൊജക്ടാണിത്. 2017-18ൽ 18 പേർക്ക് പഠന മുറി നിർമ്മിക്കുന്നതിനായി 50000 രൂപ വീതം അഡ്വാൻസ് നൽകിയിട്ടുണ്ട്.ആയതിന്റെ രണ്ടാം ഗഡുവും ഒരു വിദ്യാർത്ഥിക്ക് പുതുതായും 2018-19 ൽ ധനസഹായം നൽകിയിട്ടുണ്ട് . 2017-18ലെ സബ്സിഡി മാർഗ്ഗരേഖയിൽ വന്ന ഭേദഗതി ഉത്തരവ് നം. സ.ഉ ആർടി 1683/2017 തീ 23.05.17 പ്രകാരം നിലവിലുള്ള 800 ചതുരശ്ര അടിയോടു കൂടി 100 ചതുരശ്ര അടി അധികരിക്കാത്ത പഠനമുറി മാത്രമേ നിർമ്മിക്കാവൂ. എന്നാൽ ഇതിൽ നിന്നും വ്യത്യസ്തമായി തറവിസ്തീർണം അധികരിച്ച് താഴെ പറയും പ്രകാരം മുറി നിർമ്മാണം പൂർത്തീകരിച്ചിരിക്കുന്നു.

| ക്രമ നമ്പർ | വിദ്യാർത്ഥിയുടെ പേര് | രക്ഷിതാവിന്റെ പേര് | പഠനമുറിയുടെ തറവിസ്തീർണം(ച.മീ/ ച.അടി) |
|---|---|---|---|
| 1 | സുബീഷ്.കെ | ബാബുരാജ്.എം.കെ | 9.95/107 |
| 2. | അക്ഷയ് അരവിന്ദ് | അരവിന്ദാക്ഷൻ | 11.92/128.26 |
| 3. | മന്യ മണികണ്ഠൻ | ശോഭ | 11.45/123.20 |
| 4. | ഗോപിക എം.ജി | ഗോപി.എം.സി | 10.27/110.5 |

ഇവർക്കു വേണ്ടി രണ്ടാം ഗഡു ഇനത്തിൽ നൽകിയ 200000/- രൂപ (50000 രൂപ വീതം 4 പേർക്ക്)യുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.മന്യ മണികണ്ഠൻ എന്ന വിദ്യാർത്ഥിനിയുടെ അപേക്ഷയോടൊപ്പം കെട്ടിട നിർമ്മാണത്തിനുള്ള നിരാക്ഷേപ സാക്ഷ്യപത്രം ,റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് എന്നിവ ഇല്ല.

2.രമ്യ കൃഷ്ണൻ എന്ന വിദ്യാർത്ഥിനിയുടെ വാസഗൃഹത്തിന്റെ നിലവിലുള്ള തറ വിസ്തീർണം 803 ച.അടിയാണ്. മേൽ ഭേദഗതി ഉത്തരവ് പ്രകാരം 800 ച.അടി വരെ നിലവിൽ തറ വിസ്തീർണമുള്ള വാസഗൃഹങ്ങളോടു ചേർന്ന പഠനമുറി നിർമ്മാണങ്ങൾക്കു മാത്രമേ ധനസഹായം അനുവദിക്കാവൂ.ധന സഹായം/സബ്സിഡി അനുവദിക്കുമ്പോൾ മാർഗ്ഗരേഖ പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

3.ഹരികൃഷ്ണൻ എൻ.എം(രക്ഷിതാവ് .മോഹനൻ),അഞ്ജന വി എ (രക്ഷിതാവ് .ഉണ്ണികൃഷ്ണൻ) എന്നീ വിദ്യാർത്ഥികൾ മുൻകൂർ തുക 50000 രൂപ വീതം കൈപ്പറ്റിയിട്ടും നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. ആയത് എത്രയും പെട്ടെന്ന് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-35 തുല്യതാ പരീക്ഷ- അധികം തുക അടവാക്കി

നിർവ്വഹണ ഉദ്യോഗസ്ഥ. ഹെഡ്മിസ്ട്രസ്, ജിയുപിഎസ് കൊരട്ടിക്കര

1.പ്രൊജക്ടിന്റെ പേര് . S00 76/19- പത്താം തരം തുല്യതാ പരീക്ഷ

അടങ്കൽ. 37000/-

ചെലവ് . 21450രൂപ(ചെക്ക് നം . 0503300/19.03.19 ടി എസ് ബി)

2.പ്രൊജക്ടിന്റെ പേര് . S00 77/19- പ്ലസ് ടു തുല്യതാ പരീക്ഷ

അടങ്കൽ. 44000/-

ചെലവ് . 24200രൂപ(ചെക്ക് നം . 0354162/19.03.19 ടി എസ് ബി)

2018-19 വർഷത്തിൽ പത്താം തരം തുല്യതാ പരീക്ഷയുടെ ഭാഗമായി കോഴ്സ് ഫീ 1750 രൂപയും രജിസ്ട്രേഷൻ ഫീ 100 രൂപയും അടക്കം 1850 രൂപയാണ് അടവാക്കേണ്ടിയിരുന്നത്. എന്നാൽ കോഴ്സ് ഫീ 1850 രൂപ, രജിസ്ട്രേഷൻ ഫീ 100 രൂപ എന്ന നിരക്കിൽ 1950 രൂപ വീതം 11 പേർക്കു വേണ്ടി (ഒരാൾക്ക് 100 രൂപ അധികം ) സാക്ഷരതാ മിഷനു കൈമാറിയിട്ടുണ്ട്. ആയതിനോടനുബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.22/28.09.19) അധികം അടവാക്കിയ 1100 രൂപ (11x100 രൂപ) 2019-20 വർഷത്തിൽ കോഴ്സ് ഫീ അടക്കുമ്പോൾ കുറവു വരുത്തുന്നതാണ് എന്ന മറുപടി നൽകിയിട്ടുണ്ട്. ഇക്കാര്യം സാക്ഷരതാ മിഷനെ അറിയിക്കുകയും ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

2018-19 വർഷത്തിൽ പത്താം തരം തുല്യതാ പരീക്ഷയുടെയും പ്ലസ് ടു തുല്യതാ പരീക്ഷയുടേയും ഭാഗമായി 11 വിദ്യാർത്ഥികൾക്ക് യഥാക്രമം 1850 രൂപ വീതവും 2200 രൂപ വീതവും അടവാക്കിയിട്ടുണ്ട് .എന്നാൽ 2018-19 ഹാജർ പരിശോധിച്ചതിൽ രണ്ടു കോഴ്സുകളിലും കേവലം 4 വിദ്യാർത്ഥികൾ വീതം മാത്രമാണ് ക്ലാസുകളിൽ ഹാജരായതെന്നു കാണുന്നു. ഇവർ മാത്രമേ പരീക്ഷ എഴുതിയിട്ടുള്ളു എന്ന് നിർവ്വഹണ ഉദ്യോഗസ്ഥ ഓഡിറ്റ് വേളയിൽ നേരിട്ട് അറിയിച്ചിരുന്നു. ഇവർ നിർദ്ദിഷ്ട കാലാവധിക്കുള്ളിൽ കോഴ്സുകൾ പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്. അല്ലാത്ത പക്ഷം ഇവർക്കു വേണ്ടി ചെലവഴിക്കുന്ന പദ്ധതി തുക പാഴായി പോകുന്ന സാഹചര്യം സംജാതമാകാനിടയുണ്ട് . ഇത്തരം പദ്ധതികൾ കുറെ കാലമായി നടപ്പിലാക്കുന്നതിനാൽ ഇപ്രകാരം നഷ്ടം സംഭവിച്ചിട്ടുണ്ടോ എന്ന് വകുപ്പു തലത്തിൽ പരിശോധിക്കപ്പെടേണ്ടതും ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കപ്പെടേണ്ടതുമാണ്.

# 1-36 ഹെഡ്മിസ്ട്രസ് നടപ്പാക്കിയ മറ്റു പദ്ധതികളിലെ അപാകതകൾ

പ്രൊജക്ട് നം.S0099/19 – എസ്.സി. വിദ്യാർത്ഥികൾക്ക് മേശയും കസേരയും നൽകൽ
അടങ്കൽ – 8,40,000/-
ചെലവ് – 2,50,000/- (ട്രഷറി ബിൽ നം. – 11/29.03.19 – 2,50,000/-)
1) ഹെഡ്മിസ്ട്രസ് നടപ്പിലാക്കിയ മേൽ പ്രൊജക്ടിൽ ഗുണഭോക്താക്കൾക്ക് വകുപ്പു തല ധനസഹായം ലഭിച്ചിട്ടില്ലെന്നുള്ള സാക്ഷ്യ പത്രം ഇല്ല.

2) S0099/19 -എസ് സി വിദ്യാത്ഥികൾക്ക് മേശയും കസേരയും നൽകൽ എന്ന പ്രൊജക്ടിന്റെ ഭാഗമായി ശ്രീനിത.കെ.എസ്., കോടത്തും കുണ്ടിൽ എന്ന വിദ്യാർത്ഥിനി പഠിക്കുന്ന സ്കൂൾ ജി എച്ച് എസ് ചാലിശ്ശേരിയും റേഷൻ കാർഡ് പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനം ചൊവ്വന്നൂർ ഗ്രാമ പഞ്ചായത്തുമാണ്. ഇവർക്ക് കടവല്ലൂർ ഗ്രാമ പഞ്ചായത്തിൽ നിന്നും ആനുകൂല്യം നൽകാനിടയായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്. ആയതിനോടനുബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.22/28.09.19) നൽകിയ മറുപടിയിൽ റേഷൻ കാർഡിൽ പഞ്ചായത്തിന്റെ പേര് തെറ്റായി രേഖപ്പെടുത്തിയതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട് .ഇക്കാര്യത്തിൽ അനുബന്ധ രേഖകൾ (കുട്ടിക്ക് ചൊവ്വന്നൂർ ഗ്രാമ പഞ്ചായത്തിൽ നിന്നും ആനുകൂല്യങ്ങൾ ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം ഉൾപ്പെടെ) പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ് .

# 1-37 വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പിലാക്കിയ പദ്ധതികൾ -അപാകതകൾ

a. നിർവ്വഹണ ഉദ്യോഗസ്ഥൻ. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (കരിക്കാട് സർക്കിൾ)
പ്രൊജക്ട് നമ്പർ (പേര്: 258/19, ലൈഫ് മിഷൻ പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം
2018-19 വർഷം ശ്രീമതി ഫാത്തിമ പുത്തൻ പീടികയിൽ(സമ്പൂർണ്ണ ഭവന പദ്ധതി ഗുണഭോക്താവിനെ ലൈഫിൽ ഉൾപ്പെടുത്തിയത്) എന്നവർക്ക് ചെക്ക് നം .230069/30.06.18 പ്രകാരം 53333 രൂപ നൽകിയിട്ടുണ്ട്. ഫയൽ പ്രകാരം 2/8/18 ന് ഇവർക്ക് റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് അനുവദിച്ചിട്ടുണ്ട് .പക്ഷേ ഇവർക്ക് അവസാന ഗഡു 20000 രൂപ അനുവദിക്കുകയോ ,ബെനിഫിഷ്യറി രജിസ്റ്ററിൽ പൂർത്തീകരിച്ചതു രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. .ആയതിനോടനുബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം14/27.09.2019) ലഭ്യമാക്കിയ മറുപടിയിൽ ടി വീടിന്റെ ഒന്നാം നിലയിൽ, വീട്ടു നമ്പർ

ലഭിച്ചതിനു ശേഷം നിശ്ചിത തറ വിസ്തീർണത്തിൽ അധികരിച്ച് (710 ച.മീ) അധികരിച്ച് മുറി പണിതതിനാലാണ് അവസാനഗഡു അനുവദിക്കാതിരുന്നതെന്ന് പറയുന്നു. തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

2015-16 സമ്പൂർണ ഭവന പദ്ധതിയുടെ ഭാഗമായി യൂസഫ് മുള്ളത്ത് വളപ്പിൽ എന്നയാൾക്ക് 20000 രൂപ ആദ്യ ഗഡു അഡ്വാൻസ് നൽകിയിരുന്നു .ടിയാൻ സ്ഥലം വിറ്റതായി ബെനിഫിഷ്യറി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്.ആയതിന്റെ തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്( ഇക്കാര്യം മുൻ റിപ്പോർട്ടിലും ഉൾപ്പെടുത്തിയിട്ടുണ്ട് )

b. നിർവ്വഹണ ഉദ്യോഗസ്ഥൻ. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (പെരുമ്പിലാവ് സർക്കിൾ)

S0252/19 (വീട് വാസയോഗ്യമാക്കൽ പട്ടികജാതി) എന്നീ പ്രൊജക്ടിന്റെ ഭാഗമായി ഗുണഭോക്താക്കളായ കാളി ,കുഞ്ഞുണ്ണി കല്ലിങ്ങമ്പിൽ ,ലക്ഷ്മി അയ്യപ്പൻ ,സ്മിത എ.എസ് ,കുഞ്ഞിമ്മു, ഓമന ,ലീല മംഗലത്ത്, ഷീജ രാജൻ , ഭവാനി ,അപ്പുക്കുട്ടൻ, അമ്മിണി എന്നവരും S0060/19 (വീട് വാസയോഗ്യമാക്കൽ-പട്ടികജാതി)എന്ന പ്രൊജക്ടിന്റെ ഗുണഭോക്താവായ ശാന്താ മോഹനൻ എന്നവരും ഹാജരാക്കിയ കരാർ മുദ്രപ്പത്രങ്ങളിൽ രേഖപ്പെടുത്തലുകൾ ഒന്നുമില്ല . പലപ്പോഴും ഗുണഭോക്താക്കൾ ഒപ്പു പോലും രേഖപ്പെടുത്തിയിട്ടില്ല.

S0252/19 (വീട് വാസയോഗ്യമാക്കൽ പട്ടികജാതി) എന്നീ പ്രൊജക്ടിന്റെ യൂണിറ്റ് കോസ്റ്റ് 150000 രൂപയാണ് .എന്നാൽ ലീല മംഗലത്ത് വളപ്പിൽ, അപ്പുക്കുട്ടൻ കള്ളി വളപ്പിൽ , കാർത്യായനി എന്നവർക്ക് യഥാക്രമം 75000,115000,125000 രൂപയും മാത്രമേ ധനസഹായം അനുവദിച്ചിട്ടുള്ളൂ. പ്രസ്തുത ഗുണഭോക്താക്കൾ പണി പൂർത്തീകരിച്ചതായും മൂല്യ നിർണ്ണയ സാക്ഷ്യപത്രങ്ങൾ അപേക്ഷകൾക്കൊപ്പം സൂക്ഷിച്ചതായും വി.ഇ.ഒ. ഓഡിറ്റ് എൻക്വയറിക്ക് (നം.15/27.09.2019)മറുപടി നൽകിയിട്ടുണ്ട്. പ്രൊജക്ട് സ്പിൽ ഓവർ ആക്കുന്ന പക്ഷം പ്രസ്തുത ഗുണഭോക്താക്കൾക്കു വേണ്ടി തുക വകയിരുത്തപ്പെടുകയോ ചെലവഴിക്കുകയോ ചെയ്യപ്പെടുന്നില്ല എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

# 1-38 വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പിലാക്കിയ പദ്ധതികൾ -പൂർത്തീകരണത്തിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്

1. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ ഭാഗമായി താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് തുക കൈമാറിയെങ്കിലും ഇവർ നാളിതു വരെ ഭവന നിർമ്മാണം പൂർത്തീകരിച്ച് അവസാന ഗഡു കൈപ്പറ്റിയിട്ടില്ല. നിർമ്മാണ പ്രവർത്തികൾ എത്രയും പെട്ടെന്ന് പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.
a. നിർവ്വഹണ ഉദ്യോഗസ്ഥൻ. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (കരിക്കാട് സർക്കിൾ)
കരിക്കാട് സർക്കിൾ

| പദ്ധതി നം/പേര് | ഗുണഭോക്താവിന്റെ പേര് | നാളിതുവരെ കൈപ്പറ്റിയ തുക ₹ |
|---|---|---|
| S0258/19 ലൈഫ് മിഷൻ പൂർത്തീകരി ക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം | ഇബ്രാഹിം മുള്ളത്ത് വളപ്പിൽ | 273333 |
| S0251/19 സമ്പൂർണ ഭവന പദ്ധതി | അമ്മിണി മേനോത്ത് | 180000 |
| | റജ്ജല പറമ്പത്താഴത്ത് | 180000 |
| | | |

| | | |
|---|---|---|
| | അനുമോൾ താണിശ്ശേരി | 180000 |
| | നിവേദിത പുനത്തിൽ | 180000 |
| S069/19<br>വീട് വാസയോഗ്യമാക്കൽ | സുബീഷ് | 25000 |
| | കെ.ടി ചന്ദ്രൻ നായർ | 25000 |
| | സാമുവൽ സി.എം | 25000 |
| | ദേവകി | 25000 |
| S0249/19<br>ലൈഫ് ഭവന നിർമ്മാണം ജനറൽ | ശോഭന കോഴിത്തറ | 360000 |
| | ഇന്ദു .ടി | 360000 |
| | സാബിറ കാട്ടുകുളങ്ങര | 360000 |
| | അയിഷ കുറ്റപ്പം വീട്ടിൽ | 360000 |
| S0068/19<br>ലൈഫ് മിഷൻ ഭവന നിർമ്മാണ പദ്ധതി<br>(ജനറൽ) | ശാരദ പുതുക്കളങ്ങര | 300000 |
| | പാത്തുമ്മ നെല്ലിപ്പറമ്പിൽ | 300000 |
| | സിന്ധു കിഴക്കൂട്ട് | 200000 |

b. നിർവ്വഹണ ഉദ്യോഗസ്ഥൻ. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (പെരുമ്പിലാവ് സർക്കിൾ)

| പദ്ധതി നം/പേര് | ഗുണഭോക്താവിന്റെ പേര് | നാളിതുവരെ കൈപ്പറ്റിയ തുക |
|---|---|---|
| S060/19<br>വീട് വാസയോഗ്യമാക്കൽ<br>പട്ടികജാതി | കുഞ്ഞുമ്മു ഒരുകാൽ കുന്നത്ത് | 40000 |
| | ശാന്ത കൊറവൻപറമ്പിൽ | 40000 |
| | സുനിത | 40000 |

| | | |
|---|---|---|
| | കോട്ടപ്പുറത്ത് | |
| | തങ്കം .വി.സി | 40000 |
| | വിമല<br>പത്തായപ്പുര<br>ക്കൽ | 40000 |
| S0062/19<br>ലൈഫ് മിഷൻ<br>ഭവന നിർമ്മാണ<br>പദ്ധതി<br>(ജനറൽ) | ശാരദ എം.കെ | 40000 |

# 1-39 വെറ്ററിനറി സർജൻ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

വെറ്ററിനറി സർജൻ, വെറ്ററിനറി ഡിസ്പെൻസറി പെരുമ്പിലാവ് നടപ്പിലാക്കിയ പ്രൊജക്ടുകളിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. S0267/19 പശു വളർത്തൽ വനിത

അടങ്കൽ :1375000രൂപ

ചെലവ്: ട്രഷറി ബിൽ നം: 3/31.12.18-192500 രൂപ

ട്രഷറി ബിൽ നം . 5/21.01.19-137500 രൂപ

ട്രഷറി ബിൽ നം . 8/08.02.19-82500 രൂപ

ട്രഷറി ബിൽ നം . 9/15.02.19-55000 രൂപ

ട്രഷറി ബിൽ നം . 12/11.03.19-55000 രൂപ

ട്രഷറി ബിൽ നം . 13/22.03.19-55000 രൂപ

ആകെ : 577500 രൂപ

പ്രൊജക്ടിന്റെ ഭാഗമായി 27500 രൂപ ശ്രീമതി പാർവ്വതി രാജൻ എന്ന ഗുണഭോക്താവിനു (ട്രഷറി ബിൽ നം . 5/21.01.19-137500 രൂപ) പശുവിനെ വിതരണം ചെയ്തതിന് അശോകൻ കെ.പി എന്നവർക്ക് നൽകിയിട്ടുണ്ട് .എന്നാൽ ശ്രീമതി പാർവ്വതി രാജൻ എന്നവരുടെ റേഷൻ കാർഡ്(കെട്ടിട നമ്പർ.4/368) പ്രകാരം അവർ കാട്ടകാമ്പാൽ ഗ്രാമ പഞ്ചായത്ത് നിവാസിയാണ് . ഇവർക്ക് വേണ്ടി തുക ചെലവഴിച്ചതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.ഇവർക്ക് കാട്ടകാമ്പാൽ ഗ്രാമ പഞ്ചായത്തിൽ നിന്നും ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന് ഉറപ്പാക്കേണ്ടതും അനുബന്ധ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്

2. S0075/19-മൃഗാശുപത്രിയിലേക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങൽ

അടങ്കൽ: 100000 രൂപ

ചെലവ്. ട്രഷറി ബിൽ നം . 4/21.01.19--10620 രൂപ

ട്രഷറി ബിൽ നം . 10/28.02.19-59164 രൂപ

ആകെ-69784രൂപ

പ്രൊജക്ട് പ്രകാരം ഡിസ്പെൻസറിയിലേക്ക് ആവശ്യമായ റഫ്രിജറേറ്റർ-2 എണ്ണം, ഇൻഡക്ഷൻ കുക്കർ-1, മൈക്രോസ്കോപ്പ് -1, ബില്ലിംഗ് മെഷീൻ-1 എന്നീ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട് .ക്വട്ടേഷൻ നോട്ടീസ് പ്രകാരം അംഗീകൃത ക്വട്ടേഷണർ സപ്ലൈ ഓർഡർ ലഭിച്ച് 15 ദിവസത്തിനുള്ളിൽ നിർവ്വഹണ ഉദ്യോഗസ്ഥനുമായി കരാറിലേർപ്പെടണമെന്ന് വ്യവസ്ഥ

ചെയ്തിരുന്നു.എന്നാൽ ക്വട്ടേഷണർ(Panacea Associates, Asian choice duty paid Centre)ഇത്തരത്തിൽ കരാർ തയ്യാറാക്കി സമർപ്പിച്ചിട്ടില്ല. ആവശ്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാർ തയ്യാറാക്കി പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 2-1 വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

ഇല്ല

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 3-1 ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

ഇല്ല

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 17/08/2019 | കെ.എസ്.എ.ടി.എസ്.ആർഎസ്1-1120/19(33) തീ.26/08/2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ളോക്ക് പഞ്ചായത്ത് | 2018-19 | 177971 | പി.എച്ച്.സി. ഫീഡിംഗ് റൂം | 177971 | 0 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| | | 365000 | ലൈഫ് -ഭൂരഹിതർക്ക് സ്ഥലം വാങ്ങൽ | 365000 | 0 |
| | | 200000 | പരിരക്ഷ സാന്ത്വന പരിചരണം | 200000 | 0 |
| | | 1150000 | സമഗ്ര നെൽകൃഷി വികസനം | 1150000 | 0 |
| | | 75000 | സമഗ്ര പച്ചക്കറി വികസനം | 0 | 75000 |
| | | 250000 | സമഗ്ര നെൽകൃഷി വികസനം | 0 | 250000 |
| | | 910000 | ലൈഫ് മിഷൻ ഭവന നിർമ്മാണ പദ്ധതി | 910000 | 0 |
| | | 375000 | ലൈഫ് മിഷൻ ഭവന നിർമ്മാണ പദ്ധതി എസ്.സി. | 375000 | 0 |
| | | 200000 | അനുപൂരക പോഷകാഹാര പരിപാടി | 200000 | 0 |
| | | 250000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 250000 | 0 |
| | | 1200000 | പകൽവീട് നിർമ്മാണം | 1200000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 1348832 | ലൈഫ് മിഷൻ ഭവന നിർമ്മാണ പദ്ധതി ജനറൽ | 1348832 | 0 |
| | | 200000 | അനുപൂരക പോഷകാഹാര പരിപാടി | 200000 | 0 |
| | | 400000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 400000 | 0 |
| | | 209333 | എസ്.സി.കോളനികളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | 208856 | 477 |
| | | 175000 | തെരുവ് വിളക്ക് സ്ട്രീറ്റ് മെയിൻ വലിക്കൽ | 174488 | 512 |
| | | 400000 | ആനക്കല്ല് പള്ളി ക്രഷർ റോഡ് | 399517 | 483 |
| | | 400000 | കോട്ടോർ കോട്ടയിൽ റോഡ് | 399980 | 20 |
| | | 142900 | അഗതി രഹിത കേരളം | 0 | 142900 |

ലഭ്യമാക്കിയ രേഖകൾ (വിവര ശേഖരണം) സുലേഖ ചെലവു പത്രിക പ്രകാരം ബ്ലോക്ക് പഞ്ചായത്ത് വിഹിതം നീക്കിയിരുപ്പ് തുക 325000 രൂപയാണ്. എന്നാൽ വാർഷിക കണക്ക് B4 പ്രകാരം 494315/- രൂപ നീക്കിയിരിപ്പുണ്ട്. അതുപോലെ ജില്ലാ പഞ്ചായത്ത് വിഹിതം AFS പ്രകാരം നീക്കിയിരിപ്പ് 1492/- രൂപയാണ്. എന്നാൽ ലഭ്യമാക്കിയ രേഖകൾ പ്രകാരം 144392/- രൂപയാണ്. വ്യത്യാസത്തിന് കാരണം വ്യക്തമാക്കേണ്ടതാണ്.

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഭൂജല വകുപ്പ് | പള്ളിക്കുളം കുടിവെള്ള പദ്ധതിക്ക് മോട്ടോർ സ്ഥാപിക്കൽ | | 100000 | 90753 | 9247 |
| | കോടത്തുംകുണ്ട് കുടിവെള്ള പദ്ധതിക്ക് മോട്ടോർ സ്ഥാപിക്കൽ | | 100000 | 0 | 100000 |
| | പെരുമ്പിലാവ് കണക്ക കോളനി കുടിവെള്ള പദ്ധതിക്ക് മോട്ടോർ സ്ഥാപിക്കൽ | | 150000 | 93026 | 56974 |
| | പൂയംകുളം കുടിവെള്ള പദ്ധതിക്ക് മോട്ടോർ സ്ഥാപിക്കൽ | | 100000 | 300184 | -200184 |
| | വട്ടമാവ് മിച്ചഭൂമി കുടിവെള്ള പദ്ധതി | | 400000 | 817192 | -417192 |
| | കരിക്കാട് ചോല കുടിവെള്ള പദ്ധതി | | 400000 | 876486 | -476486 |
| | പൊന്നാംകുന്ന് കുടിവെള്ള പദ്ധതി | | 560000 | 663628 | -103628 |
| | വടക്കേലക്ഷംവീട് കുടിവെള്ള പദ്ധതി-കുഴൽകിണർ | | 200000 | 450000 | -250000 |
| | പൊറവൂർ കുടിവെള്ള പദ്ധതി | | 400000 | 1116964 | -716964 |
| | മന്നംനഗർ കുടിവെള്ള പദ്ധതി | | 400000 | 938000 | -538000 |
| | ചേലക്കപറമ്പ് കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | | 100000 | 0 | 100000 |
| | പാറപ്പുറം കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | | 100000 | 294681 | -194681 |
| | കോട്ടോൽപാടം കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | | 75000 | 139328 | -64328 |
| | മുന്നോടിപ്പറമ്പ് കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | | 100000 | 0 | 100000 |
| | കൊരട്ടിക്കര,കടവല്ലൂർ,കരിക്കാട് സ്കൂളുകളിൽ കുടിവെള്ള പദ്ധതി സ്ഥാപിക്കൽ | | 1000000 | 726711 | 273289 |
| | ഭട്ടിമുറി കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | | 198791 | 461775 | -262984 |
| | പ്രിയദർശിനി കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | | 75000 | 318415 | -243515 |

| | | | | | |
|---|---|---|---|---|---|
| | വില്ലന്നൂർ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | | 75000 | 41448 | 33552 |
| | സാംബവ കോളനി കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | | 610000 | 610000 | 0 |
| | വിഷ്ണുക്ഷേത്രത്തിനു സമീപം കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | | 610000 | 540275 | 69725 |
| | ചെറുവത്തൂർ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | | 75000 | 376546 | -301546 |
| | ആൽത്തറ കോടമുക്ക് കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | | 75000 | 205389 | -130389 |
| | കാരുകുളം കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | | 75000 | 121758 | -46758 |
| | പി.എച്ച്.സി.കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | | 733312 | 0 | 733312 |
| | പെരുമ്പിലാവ് കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | | 0 | 108028 | -108028 |

വാർഷിക കണക്കു B18 ഷെഡ്യൂൾ പ്രകാരം വാട്ടർ അതോറിറ്റിയിൽ 65000/- രൂപയും, കെ.എസ്.ഇ.ബി.യിൽ 1715755 രൂപയും ഭൂജല വകുപ്പിൽ 6770000 രൂപയും നിക്ഷേപ തുകകൾ നീക്കിയിരുപ്പുള്ളതായി കാണുന്നു. എന്നാൽ വിവര ശേഖരണ ഫോറം പ്രകാരം ഭൂജല വകുപ്പിൽ ഉള്ള നിക്ഷേപത്തിന്റെ വിവരം മാത്രമാണ് കാണിച്ചിട്ടുള്ളത്. ആയതു തന്നെ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നുമില്ല. വ്യത്യാസങ്ങൾക്ക് കാരണം വ്യക്തമാക്കേണ്ടതാണ്.

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

# 4-5 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| സമ്പൂർണ്ണഭവനപദ്ധതി | ജി.ഒ(എം.എസ്)83/2013/LSGD/11.3.2013 | | 14240000 | 14240000 | 580000 | 12820000 |

എന്നാൽ മുൻവർഷ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക 14000000 രൂപയാണ്. (1 കോടി 40 ലക്ഷം രൂപയാണ്). അധികം തുക തിരിച്ചടവാക്കിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

# 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം - | 5100 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 5100 |
| | |

| | |
|---|---|
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5100 |

# 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2.1 | 2016-17 | അനുബന്ധം 4 | തൊഴിൽനികുതി ഈടാക്കിയിട്ടില്ല. | പരാമർശം നിലനിൽക്കുന്നു. |
| 2015-16 | 2.6 | 2016-17 | അനുബന്ധം 5 | തൊഴിൽനികുതി ഈടാക്കിയിട്ടില്ല. | പരാമർശം നിലനിൽക്കുന്നു. |

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 106340117 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 97131932 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3485589 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23-2 | 843934 | ശ്രീ.നന്ദകുമാരൻ കെ.കെ.,സെക്രട്ടറി |
| 1-23-3 | 458723 | ശ്രീ.മനോജ്,സെക്രട്ടറി |
| | 1189888 | ശ്രീമതി.കൊച്ചുത്രേസ്യ.ഇ.കെ,സെക്രട്ടറി ഇൻ ചാർജ്ജ് |
| | 383344 | ശ്രീ.നന്ദകുമാരൻ കെ.കെ,സെക്രട്ടറി |
| 1-24 | 318400 | ശ്രീമതി.ഗ്ലിറ്റി.എം.എൽ,ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| | 91300 | ശ്രീമതി.ലത.ടി.ആർ,ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-34 | 200000 | ശ്രീമതി.വി.എസ്.ദീപ,ഹെഡ്മിസ്ട്രസ്,ജി.യു.പി.എസ്, |

| | | |
|---|---|---|
| | | കൊരട്ടിക്കര |
| ആകെ | 3485589 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓാഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| | ഓഡിറ്റ് അദാലത്ത് നമ്പർ എൽ.എഫ് ടി. (എസ്.2)- 894 /27 .7 .11 /01.10.11 |
| 76-77 | എൽ എഫ് ഇ3-2829/78/ 13.03.79 |
| 84--85 | എൽ എഫ് ടി. 10-1790/ 96/ 07.12.96 |
| 88-89,89-90 | എൽ എഫ് ടി 10-642/94/ 20.03.96 |
| 90-91 | എൽ എഫ് ടി10-1658/ 94/ 05.06.94 |
| 91-92 | എൽ എഫ് ടി10-963/93/ 06.06.94 |
| 92-93,93-94 | എൽ എഫ് ടി10-233/95/ 11.12.95 |
| 94-95,95-96 | എൽ എഫ് ടി10- 245/ 2000/ 05.08 2000 |
| 96-97(ചെലവ്) | എൽ എഫ് ടി5-5/98/ 02.01.99 |
| 97-98(ചെലവ്) | എൽ എഫ് ടി10/1445/98/ 13.01.99 |
| 98-99(ചെലവ്) | എൽ എഫ് ടി 10-762/01/ 27.08.01 |
| 99-00(ചെലവ്) | എൽ എഫ് ടി 10-923/03/ 03.09.03 |
| 2000-01,2001-02 (ജനകീയാസൂത്രണം) | എൽ എഫ് ടി10-6543/03/ 05.05.04 |
| 96-97( ചെലവ്) | എൽ എഫ് ടി.10-169/08/01.01.09 |
| 97-98( ചെലവ്) | എൽ എഫ് ടി10-170/08/01.01.09 |
| 98-99 (ചെലവ്) | എൽ എഫ് ടി10-171/08/01.01.09 |
| 2000-01 | എൽ എഫ് ടി10- 173/08/01.01.09 |
| 2001-2002 | എൽ എഫ് ടി 10- 174/08/04.05.09 |
| 2002-03 | എൽ എഫ് ടി10-1050/08/31.08.09 |
| 2003-04 | എൽ എഫ് ടി10-1051/08/31.08.09 |
| 2004-05 | എൽ എഫ് ടി10-245/09/14.06.10 |
| 2005-06 | എൽ എഫ് ടി10-1372/09/06.08.10 |
| 2006-07 | എൽ എഫ് ടി10-1373/11.08.10/13.10.11 |
| 2007-08 | എൽ എഫ് ടി (പി. 2)164/ 12/05.06.12 |
| 2008-09 | എൽ എഫ് ടി(പി. 2) 165/12/05.06.12 |
| 2009-10 | എൽ എഫ് ടി (പി 2)166/ 12/05.06.12/ 05.07.12 |
| | |

| | |
|---|---|
| 2010-11 | എൽ എഫ് ടി (പി .2) 2237/12/14.2.13/ 09.05.13 |
| 2011-12 | എൽ എഫ് ടി(പി. 6)1975/13/17.08.14/ 09.07.14 |
| 2012-13 | എൽ എഫ് ടി (പി.9) 1450/ 14/12.01.15/ 6.05.15 |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ(പി9)941/15 20.10.2015/ 04.11.2015 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ(പി9)923/16/ 16.6.16 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ(പി9)1855/16/ 8.11.16/5.12.16 |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ(പി6)1524/17/ 29.11.17/30.12.17 |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ(പി6)24/19 3.04.19 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

# അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ) 1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കടവല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കടവല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവു ചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്നു ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# അനുബന്ധം - 2 ഓഡിറ്റ് സംക്ഷിപ്തം

| | |
|---|---|
| റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്<br>ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്<br>ബാലൻസ് ഷീറ്റ് | സംക്ഷിപ്തം (Audited Abstract) |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ